# മാർക്സിസം, പാരിസ്ഥിതിക നൈതികത, പ്രകൃതി–മനുഷ്യബന്ധങ്ങൾ

ടി.ടി. ശ്രീകുമാർ

പാരിസ്ഥിതിക നൈതികത ഇല്ലാത്ത രാഷ്ട്രീയപ്രയോഗം പ്രകൃതിവിരുദ്ധവും അതുകൊണ്ടുതന്നെ മനുഷ്യവിരുദ്ധവുമാണ്. അതിനെതിരെയുള്ള ഒരു പ്രതിരോധം മാർക്സിസത്തിൽ തന്നെയുണ്ട് എന്നത് ഇവിടുത്തെ ചർച്ചകളിൽ മറച്ചുവയ്ക്കപ്പെടുന്നു. അത് പുറത്തുകൊണ്ടുവരിക എന്നത് തീർച്ചയായും കേരളത്തിലെ പരിസ്ഥിതി സമരങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്.

അഭിമുഖം തയ്യാറാക്കിയത്:
എ.കെ. ഷിബുരാജ്

അദ്ധ്യാപകൻ, ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി, ഹൈദരാബാദ്

**മാർകിസിസത്തെക്കുറിച്ചുള്ള പുതിയ ചർച്ചകൾക്ക് മൂലധനം ഒന്നര നൂറ്റാണ്ട് പൂർത്തിയാക്കിയ സന്ദർഭം നിമിത്തമായിട്ടുണ്ടല്ലോ. എന്നാൽ പരിസ്ഥിതിയുമായി ബന്ധപെട്ട വിഷയങ്ങളിൽ മാർക്സിസം എങ്ങനെ പൊരുത്തപ്പെടുന്നു എന്ന കാര്യം ഒഴിവാക്കപ്പെടുന്നുണ്ടോ? മാർക്സിസം വർഗ്ഗസമരത്തെക്കുറിച്ചും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെക്കുറിച്ചും പറയുന്നതുകൊണ്ട് പരിസ്ഥിതിയെക്കുറിച്ചു വ്യാകുലപ്പെടുന്നില്ല എന്നുള്ള പൊതുബോധം നിലനിൽക്കുന്നുണ്ടല്ലോ. കൂടാതെ മുതലാളിത്ത സമ്പദ്വ്യവസ്ഥ, വികസനസങ്കൽപ്പങ്ങൾ, സുസ്ഥിരതയും സാമൂഹ്യനീതിയും അടിസ്ഥാനമാക്കിയുള്ള ലോകക്രമം തുടങ്ങിയവയെക്കുറിച്ചുള്ള ചർച്ചകളും ഉണ്ടാവേണ്ടതല്ലേ?**

തീർച്ചയായും ഉണ്ടാവേണ്ടതാണ്. മാർക്സിസത്തിന്റെ അടിസ്ഥാന ജ്ഞാനവ്യവസ്ഥയിൽ അധികം പ്രാമുഖ്യമുള്ള പ്രശ്നമല്ല ഇത് എന്നുവേണമെങ്കിൽ ചർച്ച തുടങ്ങിവയ്ക്കാൻ പറയാവുന്നതാണ്. പ്രകൃതിയെക്കുറിച്ചുള്ള ഒരു ക്രിസ്ത്യൻ വീക്ഷണം ഉണ്ട്. പ്രകൃതി മനുഷ്യന് വേണ്ടി ഉള്ളതാണ് എന്ന്. അത്തരത്തിൽ ഒരു സമീപനം പ്രകൃതിയോടു മാർക്സിസം സ്വീകരിക്കുന്നുണ്ടോ എന്ന് സംശയിക്കാവുന്നതാണ്. ആധുനിക യൂറോപ്യൻ ജ്ഞാനമണ്ഡലത്തിന്റെ അകത്തും എന്നാൽ അതിനെ വെല്ലുവിളിച്ചു പുറത്തേക്കുവന്നും രൂപംകൊണ്ടതാണ് മാർക്സിയൻ ചിന്താവ്യവസ്ഥ. അതുകൊണ്ട് തന്നെ ചില ഊന്നലുകളിൽ അബോധമായി അന്നത്തെ ചില രാഷ്ട്രീയ, ദാർശനിക സാഹചര്യങ്ങളെ സ്വാംശീകരിച്ചാണ് മാർക്സിസം വികസിക്കുന്നത് എന്ന് കാണാം. പരിസ്ഥിതി അവബോധം അക്കാലത്തു എത്ര പരിമിതമായിരുന്നു എങ്കിലും അതെക്കുറിച്ച് മാർക്സിന്റെയും എംഗൽസിന്റെയും ചില ശരിയായ പരാമർശങ്ങൾ ഉണ്ടായിട്ടുള്ളത് ഞാൻ തന്നെ മുമ്പ് മറ്റൊരു അഭിമുഖത്തിൽ ഉദ്ധരിച്ചിട്ടുണ്ട് (ടി.ടി.ശ്രീകുമാർ/സി.ആർ. രാജഗോപാലൻ: “മാർക്സിസത്തിന്റെ പ്രതിസന്ധികൾ” മാതൃഭൂമി വാർഷികപ്പതിപ്പ്, 2012). ഉൽപ്പാദനം എന്നത് അധ്വാനശക്തിയും പ്രകൃതിവിഭവങ്ങളും ഉപയോഗിച്ചാണ് നിർവഹിക്കുന്നത് എന്ന കാര്യത്തിൽ തുടക്കം മുതൽ മാർക്സിന് സംശയം ഉണ്ടായിരുന്നില്ല. എന്നാൽ സ്വന്തം വിശകലനങ്ങളിൽ ഉൽപ്പാദന ബന്ധങ്ങൾക്കാണ് മാർക്സ് ഊന്നൽ കൊടുക്കുന്നത്. അതിൽ ഉടമസ്ഥതയാണ് പ്രശ്നമായിമാറുന്നത്. കുറച്ചുപേർക്ക് ഉൽപ്പാദന ഉപകരണങ്ങൾക്ക് മേൽ ഉടമസ്ഥതയുണ്ട്. കുറെപ്പേർക്ക് സ്വന്തം അധ്വാനശക്തിയല്ലാതെ മറ്റൊന്നുമില്ല. ഇതാണ് മാർക്സ് കണ്ട പ്രധാന പ്രശ്നം. ഉൽപ്പന്നങ്ങൾ ഉൾക്കൊള്ളുന്ന മൂല്യം പ്രകൃതിയിൽ നിന്നും അധ്വാനത്തിൽ നിന്നുമാണ് വരുന്നതെന്നത് അവസാനകാലം വരെ മാർക്സ് ഉയർത്തിപ്പിടിച്ച ആശയമാണ്. എന്നാൽ ഈ മൂല്യത്തിന്റെ പണമായുള്ള പരിവർത്തനവും അതിന്റെ കൂലിയും ലാഭവുമായുള്ള വിതരണക്രമവുമാണ് അദ്ദേഹം

ശ്രദ്ധിച്ചത്. എല്ലാ മൂല്യങ്ങളുടെയും അടിസ്ഥാനം അദ്ധ്വാനമാണ് എന്ന ക്ലാസ്സിക്കൽ ധനശാസ്ത്രപാഠം അവിടെ അദ്ദേഹം സ്വീകരിക്കുന്നു. തുടർന്ന് എങ്ങനെ മൂലധനം ഈ മൂല്യത്തിനു തുല്യമായ വേതനം നൽകാതെ അതിൽ നിന്നുള്ള മിച്ചമൂല്യം സ്വന്തമായി കരസ്ഥമാക്കുന്നു എന്ന പ്രക്രിയയുടെ വിശദീകരണത്തിലേക്ക് അദ്ദേഹം കടക്കുന്നു. ചൂഷണം എന്ന നൈതിക പ്രശ്നത്തിന് അങ്ങനെ ചരിത്രത്തിൽ ആദ്യമായി അദ്ദേഹം പരികൽപ്പനാപരമായ അടിസ്ഥാനം സൃഷ്ടിക്കുന്നു. ചൂഷണം എന്നാൽ മിച്ചമൂല്യം സൃഷ്ടിക്കലാണ് എന്ന യാഥാർത്ഥ്യം അദ്ദേഹം നിഷ്കരുണം തുറന്നുകാട്ടുന്നു. ഘടനാപരമായ പല തലങ്ങളിൽ ചർച്ചചെയ്യേണ്ട പ്രശ്നമായി ഇതിനെ ഉയർത്തിക്കൊണ്ടുവരുന്നു. അതിൽ ഒരുവശത്ത് ഉൽപ്പാദനോപകരണങ്ങളുടെ സ്വകാര്യ ഉടമസ്ഥതയും പൊതുവിൽ അദ്ധ്വാനത്തിന്റെ സാമൂഹികതയും അദ്ദേഹത്തിന് കേന്ദ്രപ്രശ്നമായി അവതരിപ്പിക്കേണ്ടി വരുന്നു. ഉൽപ്പാദനത്തിന്റെ സാഹചര്യങ്ങളും സാധ്യതകളുമാണ് അദ്ദേഹത്തെ ചിന്താപരമായി പ്രകോപിപ്പിക്കുന്നത്. അപ്പോൾ മനുഷ്യൻ മനുഷ്യന് മേൽ നടത്തുന്ന ചൂഷണത്തിന് അദ്ദേഹം പ്രാമുഖ്യം നൽകി. എന്നാൽ അദ്ദേഹത്തിന്റെ സൈദ്ധാന്തിക ചട്ടക്കൂട് മനുഷ്യന്റെ പ്രകൃതി ചൂഷണത്തെക്കുറിച്ചുകൂടിയുള്ള ഒരു നിലപാട് എടുക്കാൻ സഹായിക്കുന്ന ഒന്നായിരുന്നു എന്നതാണ് വസ്തുത. കാരണം ഒരു ഉൽപ്പാദനരീതി എന്ന് പറയുന്നതിൽ അദ്ധ്വാനചൂഷണവും പ്രകൃതിചൂഷണവും അടങ്ങിയിട്ടുണ്ട്. കാരണം പ്രകൃതിയും ഒരു ഉൽപ്പാദനശക്തി ആണ്. ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ അനാവരണം ചെയ്യാൻ ശ്രമിച്ച മാർക്സ് പക്ഷെ ഉൽപ്പാദനശക്തികളെക്കുറിച്ചുള്ള വിമർശനാത്മകമായ ഒരു വിശദീകരണത്തിന് തുനിഞ്ഞില്ല എന്നതാണ് പരമാർത്ഥം. Karl Marx's Theory of Hisory എന്ന പുസ്തകത്തിൽ ജറാൾഡ് കോഹൻ (Gerald Cohen, 1978) ആണ് ഉൽപ്പാദനശക്തികളെക്കുറിച്ചുള്ള മാർക്സിന്റെ വിശകലനം അതിന്റെ പരമമായ ചില സൈദ്ധാന്തിക സാധ്യതകളിലേക്ക് വികസിപ്പിക്കുന്നത്. ഈ പുസ്തകം ഞാൻ എൺപതുകളിൽ വായിക്കുന്നത് കേരളത്തിലെ പരിസ്ഥിതി സമരങ്ങളിൽ പങ്കെടുക്കാൻ തുടങ്ങിയ കാലത്താണ്. ഉൽപ്പാദന ഉപാധികളിൽ കോഹൻ പ്രകൃതിവിഭവങ്ങളെയും ഉൾപ്പെടുത്തിയെങ്കിലും അദ്ദേഹം ഊന്നൽ നൽകിയത് ഉല്പ്പാദനക്ഷമതയെക്കുറിച്ചുള്ള മാർക്സിന്റെ നിഗമനങ്ങളിൽ ആയിരുന്നു. പ്രകൃതിയെ ജർമ്മൻ പ്രത്യയശാസ്ത്രത്തിലും (German Ideology) മൂലധനത്തിനും മറ്റു ചില കൃതികളിലും മാർക്സ് തന്റെ വിശകലനപരിധിയിൽ കൊണ്ടുവരുന്നുണ്ട്. എങ്കിലും ഉൽപ്പാദനശക്തികളുടെ അനന്തമായ വികാസത്തെ ഉൽപ്പാദനബന്ധങ്ങൾ എങ്ങനെ സ്വാധീനിക്കുന്നു എന്ന വിഷയത്തിനാണ് പ്രാധാന്യം കിട്ടിയത് എന്നത് കോഹന്റെ സമീപനത്തിലും നിഴലിച്ചുകാണാവുന്ന കാര്യമാണ്. എന്നാൽ കോഹൻ വിട്ടുകളയുന്ന ചില സന്ദേഹങ്ങൾ മാർക്സിന് തീർച്ചയായും ഉണ്ടായിരുന്നു. മൂലധനത്തിൽ അദ്ദേഹം പറയുന്നത് അധ്വാനപ്രക്രിയ (labour-process) എന്നത് ഉപയോഗമൂല്യങ്ങൾ (usevalues, അതായതു ചരക്കുകൾ) ഉൽപ്പാദിപ്പിക്കാൻ ഉള്ള പ്രവർത്തനമാണ് എന്നാണ്. പക്ഷെ അത് മനുഷ്യോപയോഗത്തിന് വേണ്ടിയുള്ള പ്രകൃതിവിഭവങ്ങളുടെ കവർന്നെടുക്കലാണ്. അത് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള മെറ്റബോളിക് പാരസ്പര്യത്തിന്റെ സാർവ്വജനീനമായ ഉപാധിയാണ് (universal condition for the metabolic interaction between man and nature). അദ്ദേഹത്തിനു അത് "nature-imposed condition of human existence, or rather it is common to all forms of society in which human beings live" ആണ്. എന്നാൽ ഈ വഴിക്കുള്ള കൂടുതൽ അന്വേഷണങ്ങൾ മാർക്സ് നടത്തുന്നില്ല. കോഹനാവട്ടെ ഉൽപ്പാദനശക്തികളുടെ വികാസത്തിന് നൽകുന്ന ഊന്നലിലൂടെ ഈ വഴിയിലുള്ള അന്വേഷണം തന്നെ വേണ്ടെന്നുവയ്ക്കുന്നു. കോഹനെ ഞാൻ ഉദാഹരണമായി പറഞ്ഞു എന്നേയുള്ളു. പൊതുവിൽ യഥാസ്ഥിതിക മാർക്സിസ്റ്റ് സമീപനം ഇതാണ്. 'ജർമ്മൻ പ്രത്യയശാസ്ത്രം' (German Ideology) എന്ന കൃതിയിൽ താത്വികമായ ഒരു പ്രശ്നം ചർച്ച ചെയ്യുമ്പോൾ അതിശയകരമായിത്തന്നെ എന്ന് പറയാം, ഒരു പരിസ്ഥിതി വിഷയം അദ്ദേഹം ഉദാഹരണമാക്കുന്നുണ്ട്. തികച്ചും അപ്രതീക്ഷിതമായൊരു സൈദ്ധാന്തിക ചർച്ചയുടെ ഇടയിൽ മാർക്സ് വ്യവസായ മാലിന്യങ്ങൾ നദികളിൽ വന്നടിയുന്നത് മത്സ്യത്തിന്റെ ആവാസവ്യവസ്ഥയെ ബാധിക്കില്ലേ എന്ന് വ്യാകുലപ്പെടുന്നു: "...as soon as the river is made to serve industry, as soon as it is polluted by dyes and other waste products and navigated by steamboats,as soon as its water is diverted into canals where simple drainage can deprive the fish of its medium of existence". മനുഷ്യന്റെ ഇടപെടലുകൾ പ്രകൃതിയിൽ വരുത്തുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഒരു വ്യാകുലത, സൈദ്ധാന്തികവൽക്കരിക്കപ്പെടാതെയാണെങ്കിലും, മാർക്സിനെ പിൽക്കാലത്തും പിന്തുടരുന്നുണ്ട്.

**സ്വകാര്യസ്വത്തിന്റെ പ്രശ്നം അപ്പോൾ ഇതുമായി ചേർത്ത് ചർച്ച ചെയ്യേണ്ടതാണല്ലോ. ആ ഘട്ടത്തിൽ ഈ പ്രശ്നം കൂടി ഉയർന്നുവരേണ്ടതല്ലേ?**

അതെ. സ്വകാര്യസ്വത്തിനെ എങ്ങിനെ കൈകാര്യം ചെയ്യാമെന്നായിരുന്നു എല്ലാക്കാലത്തും സോഷ്യലിസ്റ്റ് ചിന്തകന്മാർ ആലോചിച്ചിരുന്നത്. 'ഉട്ടോപ്പിയ' എന്ന കൃതി എഴുതിയ തോമസ് മൂർ അടക്കം നിരവധി പേർ ഈ പ്രശ്നത്തെക്കുറിച്ച് ആലോച്ചിരുന്നു. അവരൊക്കെ വ്യക്തികൾ സ്വകാര്യസ്വത്ത് സ്വയം ത്യജിക്കുന്നതിലാണ് വിശ്വസിച്ചിരുന്നത്. മാർക്സ് സൂക്ഷ്മമായി വിമർശിക്കുന്ന പ്രൗധോണൊക്കെ (Proudhon) സ്വകാര്യസ്വത്തിന്റെ വിമർശകരായിരുന്നു. സ്വകാര്യസ്വത്ത് മോഷണമാണെന്ന് അദ്ദേഹം പറയുന്നുണ്ട്. അവരെ സംബന്ധിച്ച് നമ്മൾ ആത്യന്തികമായി ചെയ്യേണ്ടത് സ്വകാര്യസ്വത്ത് ത്യജിക്കുക, ചെറുസമുദായങ്ങളായി ഒന്നിച്ചു ജീവിക്കുക എന്നതായിരുന്നു. സമ്പത്ത് ത്യജിച്ച് കമ്മ്യൂണിസ്റ്റായിട്ട് ജീവിക്കണം. അതാണ് കമ്മ്യൂൺ സങ്കൽപ്പനം ഒക്കെയായി മാറുന്നത്. പ്രകൃതിയിലെ വിഭവങ്ങളെല്ലാം പൊതുവുടമസ്ഥതയിൽ ആണെന്ന് സമ്മതിച്ചുകൊണ്ട് നമ്മൾ വ്യക്തിപരമായി ഒന്നുമില്ലാതെ എല്ലാവരും എല്ലാം ഉപയോഗിച്ച് ജീവിക്കുന്നതിനെയാണ് അവർ സോഷ്യലിസമായി കണ്ടത്. മാർക്സ് കണ്ടത് മനുഷ്യൻ എല്ലാം ഉപേക്ഷിച്ച് ഒരുകാലത്തും അങ്ങനെ കമ്മ്യൂൺ ആയിജീവിക്കാൻ തയ്യാറാവുകയില്ല എന്നാണ്. പക്ഷെ ചരിത്രത്തിൽ മനുഷ്യൻ ആ ജീവിതരീതിയിലേക്ക് ആത്യന്തികമായി നീങ്ങും. അതിന് പക്ഷെ ആദ്യം വേണ്ടത് മു

തലാളിത്തം തകരണം എന്നതാണ്. മുതലാളിത്തം തകർന്നിട്ട്, ഉൽപ്പാനദനോപാധികൾ പൊതുവുടമസ്ഥതയിൽ വരണം എന്നാണ് പറഞ്ഞത്. അല്ലാതെ നമ്മളിട്ടിരിക്കുന്ന ഷർട്ടും മുണ്ടും ഉപയോഗിക്കുന്ന മറ്റു സ്വകാര്യവസ്തുക്കളും പൊതുസ്വത്താക്കണമെന്നല്ല. മാർക്സ് പ്രധാനമായും പറയുന്നത് ഉൽപ്പാനദനനോപാധികൾക്ക് മേലുള്ള ഉടമസ്ഥാവകാശം ദേശസാത്കരിക്കണം എന്നാണ്. അപ്പോൾ എന്താണ് സംഭവിക്കുക എന്നുവച്ചാൽ നേരിട്ടുള്ള ചൂഷണം നിലക്കുകയാണ്. അപ്പോഴും നിങ്ങൾക്ക് ജീവിക്കണമെങ്കിൽ അധ്വാനശക്തി നൽകുകയേ പറ്റുകയുള്ളൂ. മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്ക് മാറുമ്പോൾ സമത്വമുണ്ടാകുന്നത് എങ്ങനെയാണ്? സമത്വം ഉണ്ടാകുന്നത് പണം കുറേ ഇല്ലാത്തവർക്ക് അത് വീതിച്ചുകൊടുത്തിട്ടല്ല. കേവലമായ പുനർവിതരണവും അല്ല. ആ സ്വത്ത് മുഴുവൻ പൊതുസ്വത്താക്കി മാറ്റിയ ശേഷം ആ സ്വത്തിൽ നിന്ന് മൂല്യം ഉൽപ്പാദിപ്പിക്കാനുള്ള ചുമതല ഭരണകൂടം ഏറ്റെടുത്ത് ബാക്കി പൗരന്മാരെല്ലാം അധ്വാനശക്തി വിൽക്കുന്നവരായിമാറും. അപ്പോൾ സോഷ്യലിസത്തിന് രണ്ടേരണ്ട് ഏജൻസികളേ ഉള്ളൂ. ഒന്ന്, ഭരണകൂടം. സ്വത്ത് എല്ലാം ഭരണകൂടത്തിന്റേതാണ്. രണ്ട്, തൊഴിലാളിവ

ഉപഭോഗം വർദ്ധിക്കണമെങ്കിൽ ഉൽപ്പാദനം കൂട്ടണം. ഭരണകൂടം മൂലധനത്തിന് പകരം ഉൽപ്പാദനോപാധികളും സാമഗ്രികളും നേരിട്ട് കൈകാര്യം ചെയ്യുന്നതൊഴിച്ചാൽ ഈ കണ്ട മനുഷ്യർക്കെല്ലാം ഉപഭോഗം ചെയ്യാനുള്ള സാമഗ്രികൾ ഉണ്ടാക്കുമ്പോൾ മാർക്സ് അത്രയ്ക്ക് എടുത്തുപറഞ്ഞിട്ടില്ലാത്ത, പ്രകൃതി ചൂഷണത്തിന്റെ അളവിൽ മാറ്റം വരുന്നില്ല. മാത്രമല്ല, അത് വർദ്ധിക്കുകയും ചെയ്യാം.

ർഗ്ഗം. അവരെല്ലാം ഭരണകൂടത്തിനുവേണ്ടി ജോലി ചെയ്യുന്നവരാണ്. മുതലാളിത്തത്തിനുവേണ്ടി ജോലി ചെയ്തിരുന്ന കാലത്ത് മുതലാളിയും തൊഴിലാളിയും ഉണ്ടായിരുന്നു. പക്ഷെ സോഷ്യലിസത്തിൽ ഭരണകൂടവും തൊഴിലാളികളും മാത്രമേയുള്ളൂ. മുതലാളിയില്ല. ഒരാൾക്ക് സ്വന്തമായി ഒരു സാധനം ഉൽപ്പാദിപ്പിച്ച് വിൽക്കാൻ കഴിയില്ല. ഉടമസ്ഥത മാറുന്നതോടുകൂടി സമത്വമുണ്ടാകുന്നത് ഇങ്ങനെയാണ്. എല്ലാവരും എല്ലാക്കാലത്തും തൊഴിലാളികളാകാമെന്ന് സമ്മതിച്ചുകൊണ്ടാണ്. അതിനകത്തുനിന്ന് ഒരാൾ മാത്രമായി, അല്ലെങ്കിൽ കുറച്ചുപേർ മാത്രമായി ഉയർന്നുവരാനില്ല. ഉയർച്ചയുണ്ടാകണമെങ്കിൽ, എല്ലാവർക്കും ഒരുപോലെ ഉയർച്ചയുണ്ടാകണമെങ്കിൽ, ഉൽപ്പാദനവും ഉപഭോഗവും വർദ്ധിക്കണം. നമ്മുടെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഉപഭോഗം വർദ്ധിക്കണമെങ്കിൽ ഉൽപ്പാദനം കൂട്ടണം. ഭരണകൂടം മൂലധനത്തിന് പകരം ഉൽപ്പാദനോപാധികളും സാമഗ്രികളും നേരിട്ട് കൈകാര്യം ചെയ്യുന്നതൊഴിച്ചാൽ ഈ കണ്ട മനുഷ്യർക്കെല്ലാം ഉപഭോഗം ചെയ്യാനുള്ള സാമഗ്രികൾ ഉണ്ടാക്കുമ്പോൾ മാർക്സ് അത്രയ്ക്ക് എടുത്തുപറഞ്ഞിട്ടില്ലാത്ത, പ്രകൃതി ചൂഷണത്തിന്റെ അളവിൽ മാറ്റംവരുന്നില്ല. മാത്രമല്ല, അത് വർദ്ധിക്കുകയും ചെയ്യാം. അങ്ങനെയുള്ള ആഢംബര-ഉപഭോഗ വസ്തുക്കളുടെ ഉൽപ്പാദനത്തിലും ഉപഭോഗത്തിലും നിയന്ത്രണം കൊണ്ടുവരാം എന്ന കാര്യം ശരിയാണ്. പക്ഷെ, അടിസ്ഥാനപരമായി മനുഷ്യനു ജീവിക്കണമെങ്കിൽ പ്രകൃതിയെ നിരന്തരമായി ചൂഷണം ചെയ്തേ പറ്റൂ. അതിനൊരു വ്യത്യാസവുംവരുന്നില്ല. സോഷ്യലിസത്തിലെ അമിതോൽപ്പാദനത്തെ മാർക്സ് ഉദാത്തവൽക്കരിക്കുന്നുണ്ട്- "over production will reach beyond the elementary requirements of society to assure the satisfaction of the needs of all; it will create new needs and, at the same time, the means of satisfying them" എന്ന്. അതായത്, കൂടുതൽ കൂടുതൽ ആവശ്യങ്ങൾ കണ്ടെത്തുകയാണെങ്കിൽ ആ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ള ഉൽപ്പാദന വർദ്ധനവും ഉണ്ടാവണം. സോഷ്യലിസത്തിൽ എല്ലാവർക്കും കാർ വേണ്ട. കാർ വേണ്ട എന്ന് സർക്കാർ പറഞ്ഞാൽ എല്ലാവർക്കും കാർ വേണ്ട. ഒരു സവിശേഷ ജോലിചെയ്യുന്നവർക്കേ കാർ ആവശ്യമുള്ളൂ എന്ന് പറഞ്ഞാൽ അവർക്കേ കാർ കിട്ടുകയുള്ളൂ. പക്ഷെ ഇതെല്ലാം സാമൂഹിക സംഘാടനത്തിന്റെ പ്രശ്നങ്ങളാണ്. ഭൗതിക പ്രചോദനങ്ങൾക്ക് (material incentive) പകരം നൈതിക പ്രചോദനങ്ങൾ (moral incentives) കൊണ്ട് വരുന്ന ഒരു വ്യവസ്ഥയുടെ സാധ്യതകൾ ആണ്.

**അങ്ങനെ വരുമ്പോൾ മാർക്സിയൻ കാഴ്ചപ്പാടിന്റെ അടിസ്ഥാനമായ വ്യാവസായിക ലോകത്തെ അടിസ്ഥാനമാക്കിയുള്ള തൊഴിലാളിവർഗ്ഗ സമീപനത്തിൽ പ്രകൃതിവിഭവങ്ങളുടെയും അവയുടെ ചൂഷണത്തിന്റെയും സാഹചര്യത്തെ മാർക്സ് എങ്ങനെയാണ് കാണുന്നത്? അല്ലെങ്കിൽ മാർക്സിയൻ പ്രത്യയശാസ്ത്രത്തിൽ പരിസ്ഥിതിക്കുള്ള സ്ഥാനം എന്താണ്? ഇക്കാര്യത്തിൽ മാർക്സിന്റേയും ഏംഗൽസിന്റെയും കാഴ്ചപ്പാടുകൾ എന്തൊക്കെയാണ്?**

ഇതിൽ നമ്മൾ ആദ്യം മനസ്സിലാക്കേണ്ട കാര്യം മാർക്സ് മുതലാളിത്തം ഇല്ലാതാവണം എന്നു പറഞ്ഞത് കൂടുതൽ യന്ത്രവൽക്കരണവും ഉൽപ്പാദന വർദ്ധനവും സാമ്പത്തിക-അടിസ്ഥാനസൗകര്യ-വാർത്താവിനിമയ സൗകര്യങ്ങളും ഉണ്ടാക്കാൻ സ്വകാര്യ ഉടമസ്ഥതയേക്കാൾ നല്ലത് പൊതുവുടമസ്ഥതയാണ് എന്ന് അദ്ദേഹം കരുതിയിരുന്നതുകൊണ്ടാണ് എന്നത് വസ്തുതയാണ്. മുതലാളിത്തത്തിൽ അന്തിമമായി ഉൽപ്പാദനശക്തികൾ മുരടിച്ചുപോകും എന്നാണു ക്ലാസിക്കൽ ധനശാസ്ത്രത്തെ (രാഷ്ട്രീയ സമ്പദ്ശാസ്ത്രം) പിന്തുടർന്ന് മാർക്സും മനസ്സിലാക്കിയിരുന്നത്. ആദം സ്മിത്തിന്റെ സാമ്പത്തിക വളർച്ചാസിദ്ധാന്തം മുതലാളിത്തം ആത്യന്തികമായി മുരടിപ്പിലേക്ക് നീങ്ങും എന്ന് പ്രവചിച്ചിരുന്നു. അധ്വാനവിപണിയിലെ മത്സരം കൂലി കുറയുന്നതിലേക്കും മൂലധന വിപണിയിലെ മത്സരം ലാഭം കുറയുന്നതിലേക്കും നയിക്കുകയും ഇത് നിക്ഷേപങ്ങളെ ബാധിക്കുകയും സമ്പദ്വ്യവസ്ഥ മുരടിപ്പിലേക്ക് നീങ്ങുകയും ചെയ്യും എന്ന് ആദം സ്മിത്ത് കണ്ടെത്തിയിരുന്നു. ഇതിനുള്ള കാരണം യഥാർത്ഥത്തിൽ ഉൽപ്പാദനശക്തികളുടെ വളർച്ചയും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള വൈരുധ്യത്തിലാണ് കിടക്കുന്നതെന്നും അത്തരം ഘ

ട്ടം എത്തുമ്പോൾ നിലനിൽക്കുന്ന മുതലാളിത്ത ഉൽപ്പാദനബന്ധം പൊളിച്ചെഴുതി സോഷ്യലിസത്തിലേക്ക് കടക്കുകയും വേണം എന്നതായിരുന്നു മാർക്സിന്റെ നിഗമനം. അതായത് മുതലാളിത്തം എത്തിച്ചേരുന്ന സാമ്പത്തിക മുരടിപ്പ് മറികടക്കാൻ, അനുസ്യൂതമായി ഉൽപ്പാദനശക്തികൾ വികസിക്കാൻ, മുതലാളിത്തം മാറി സോഷ്യലിസം വരണം എന്നാണു മാർക്സിസം ഊന്നുന്നത്. മുതലാളിത്തം എല്ലാത്തിനെയും ചരക്കാക്കുന്നു. അതുകൊണ്ടാണ് ചൂഷണം ഉണ്ടാവുന്നത്. സാധനത്തിന്റെ വിലയിൽ ഒരു ചെറിയ പങ്കുമാത്രമേ തൊഴിലാളിക്ക് കിട്ടുന്നുള്ളൂ. ബാക്കി മുതലാളി എടുക്കുന്നു. അങ്ങനെ അല്ലാതെ എല്ലാം പൊതുവുടമസ്ഥതയിൽ ആയാൽ ഉൽപ്പാദനം ഇനിയും വർദ്ധിക്കും. എല്ലാവർക്കും എല്ലാം കിട്ടും. സോഷ്യലിസത്തിൽ എല്ലാവരും തൊഴിലാളികൾ ആയിരിക്കും. അവർ ഉത്സാഹത്തോടെ ഉൽപ്പാദനം വീണ്ടും വീണ്ടും വർദ്ധിപ്പിക്കും. സോഷ്യലിസം മുതലാളിത്തത്തേക്കാൾ നല്ലതാവുന്നത് അതുകൊണ്ടാണ്. ഉൽപ്പാദനം കൂട്ടാൻ സ്വകാര്യ ഉടമസ്ഥതയേക്കാൾ നല്ലത് പൊതുവുടമസ്ഥത എന്നതുകൊണ്ടാണ്. അതായതു സോഷ്യലിസത്തിൽ ലാഭം വ്യക്തിക്കല്ല, ഭരണകൂടത്തിനാണ്. സോഷ്യലിസ്റ്റ് ഭരണകൂടം ജനകീയേച്ഛയുടെ അമൂർത്തരൂപമാണ്. നിരന്തരമായ സാങ്കേതിക വികാസവും അടിസ്ഥാന സൗകര്യ വികസനവും സോഷ്യലിസത്തിലാണ് എളുപ്പമായി നടക്കുക. എംഗൽസിന്റെ ഒരു നിരീക്ഷണം ശ്രദ്ധേയമാണ്. അദ്ദേഹം വളരെ കൃത്യമായി മായി ഇക്കാര്യം പറഞ്ഞിട്ടുണ്ട്. നേരത്തെ പറഞ്ഞ അമിതോൽപ്പാദനത്തിന്റെ ഉദാത്തീകരണത്തിന്റെ സന്ദർഭം ഇതാണ്: “What will be the consequences of the ultimate disappearance of private property? Society will take all forces of production and means of commerce, as well as the exchange and distribution of products, out of the hands of private capitalists and will manage them in accordance with a plan based on the availability of resources and the needs of the whole society. In this way, most important of all, the evil consequences which are now associated with the conduct of big industry will be abolished. There will be no more crises; the expanded production, which for the present order of society is overproduction and hence a prevailing cause of misery, will then be insufficient and in need of being expanded much further. Instead of generating misery, overproduction will reach beyond the elementary requirements of society to assure the satisfaction of the needs of all; it will create new needs and, at the same time, the means of satisfying them. It will become the condition of, and the stimulus to, new progress, which will no longer throw the whole social order into confusion, as progress has always done in the past.” അതായത് സ്വകാര്യസ്വത്ത് ഇല്ലാതാവുമ്പോൾ എല്ലാം ഭരണകൂടത്തിന്റെ കീഴിലാവുന്നു. മുതലാളിത്തത്തിന്റെ ലാഭക്കൊതിയും മിച്ചമൂല്യചൂഷണവും അപ്രസക്തമാവുന്നു. മുതലാളിത്തത്തിൽ ഉള്ളതിനേക്കാൾ ഉൽപ്പാദനം വികസിക്കുന്നു. അമിതോൽപ്പാദനം (overproduction) എല്ലാവരുടെയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതും, കൂടുതൽ ആവശ്യങ്ങൾ സൃഷ്ടിച്ചു അതിനെയും തൃപ്തിപ്പെടുത്തുന്നതും ആവുന്നു. അങ്ങനെ മനുഷ്യൻ നിരന്തരം പുരോഗതിയിലേക്ക് നീങ്ങുന്നു. അമിതമായ ഉപയോഗമൂല്യങ്ങളുടെ ഉൽപ്പാദനം പുരോഗതിയായി കാണുന്ന ഒരു സമീപനം ഈ കാഴ്ചപ്പാടിൽ അന്തർലീനമാണ്. മറ്റൊരർത്ഥത്തിൽ മുതലാളിത്തത്തിൽ അമിതോല്പ്പാദനം ആപേക്ഷികമാണ് (over and above purchasing power). സോഷ്യലിസത്തിൽ അത് കേവലമാണ് (according to wants/needs). എന്നാൽ ഇത് മാത്രമല്ല മാർക്സ് പറയുന്നത്. ഇതൊരിക്കലും ഒറ്റപ്പെടുത്തി കാണേണ്ടതുമല്ല.

**പരിമിതമായ പ്രകൃതിവിഭവങ്ങളും അനന്തമായ വികസന സങ്കൽപ്പങ്ങളും ഉയർത്തുന്ന പ്രതിസന്ധി അപ്പോൾ കാണാതെ പോകുന്നില്ലേ? ഈ പ്രശ്നത്തെ എങ്ങനെയാണ് മാർക്സിസം അഭിമുഖീകരിക്കുന്നത്? ഇന്നത്തെ അവസ്ഥയിൽ ഏറ്റവും പ്രാധാന്യമുള്ള ഒരു വിഷയമാണല്ലോ അത്.**

മാർക്സും ഏംഗൽസും ജർമ്മൻ പ്രത്യയശാസ്ത്രത്തിൽ ഇത് കൃത്യമായി വിശദീകരിക്കുന്നുണ്ട്. അമർത്യാസെൻ എഴുതിയ വിഖ്യാതമായ പുസ്തകമാണ് Development as Freedom. അദ്ദേഹത്തിന് നോബൽ സ്മാരക സമ്മാനം കിട്ടിയതിന്റെ തൊട്ടടുത്ത വർഷം ഇറങ്ങിയ ഈ പുസ്തകത്തിന്റെ പേര് തന്നെ ഒരർത്ഥത്തിൽ മാർക്സിനോട് കടപ്പെട്ടിരിക്കുന്നു. കാരണം വികസനം ആണ് സ്വാതന്ത്ര്യം എന്ന അർത്ഥത്തിൽ ആദ്യം എഴുതുന്നത് മാർക്സാണ്. മാർക്സിസം ഈ പ്രശ്നത്തെ കാണുന്നത് സാങ്കേതികവിദ്യയുടെ അനുസ്യൂതമായ വികാസം കൊണ്ട് പരിഹരിക്കാവുന്ന പ്രശ്നമായാണ്. ഭൂമി ഇല്ലാതാവുമെങ്കിൽ ചൊവ്വയിൽ പോകാമല്ലോ. പക്ഷെ സ്വകാര്യസ്വത്ത് മാത്രമാണ് തടസ്സം. അതുണ്ടാക്കുന്ന വർഗ്ഗവിഭജനം. അതുകൊണ്ട് ഇതെല്ലാം എല്ലാവർക്കും കിട്ടാതെ പോകുന്നു. സ്വാതന്ത്ര്യം എന്നാൽ തന്നെ മാർക്സിനു വികസനം ആണ്: “...it is only possible to achieve real liberation in the real world... by employing real means... slavery cannot be abolished without the steam-engine and the mule and spinning-jenny, serfdom cannot be abolished without improved agriculture, and... in general, people cannot be liberated as long as they are unable to obtain food and drink, housing and clothing in adequate quality and quantity. "Liberation" is a historical and not a mental act, and it is brought about by historical conditions, the development of industry, commerce, agriculture, the conditions of intercourse.” സ്റ്റീം എഞ്ചിൻ വന്നതുകൊണ്ട് അടിമത്തം ഇല്ലാതാക്കാൻ കഴിയുന്നു, കാർഷിക വികസനം കൊണ്ട് അടിയാളബന്ധം ഇല്ലാതാക്കാൻ കഴിയുന്നു, ചുരുക്കത്തിൽ സ്വാതന്ത്ര്യം എന്നത് നിരന്തരമുള്ള കാർഷിക-വ്യാവസായിക വികസനമാണ്. നമ്മളാരും പറഞ്ഞതല്ല, മാർക്സ് തന്നെ പറഞ്ഞതാണ്. ഇതുതന്നെയാണ് പൊതുവിൽ കമ്യൂണിസ്റ്റ് പാർട്ടികൾ സ്വീകരിക്കുന്ന നയവും. വർഗ്ഗബന്ധങ്ങൾ ഉള്ള സമൂഹവും അതില്ലാത്ത സമൂഹവും എന്നതേ വ്യത്യാസമുള്ളൂ. മാർക്സിസം ഒരു വശത്ത് വലിയ ഒരു ജ്ഞാന-പ്രയോഗമാണ്. മറുവശത്ത് അതിൽ ചരിത്രം നീതീകരിക്കാത്ത സമീപനങ്ങൾ പലതും അടങ്ങിയിട്ടുമുണ്ട്. ഏതോ ഒരു ആദർശ മാർക്സിസത്തിൽ നിന്ന് കമ്യൂണിസ്റ്റ് പാർട്ടിതകൾ വ്യതിചലിക്കുന്നു എന്ന് ഞാൻ ഒരിക്കലും പറയാത്തതിന്റെ കാരണം, ഇതും കൂടി ചേർന്നതാണ് മാർക്സിസം എന്ന് വളരെ മുമ്പേ തിരിച്ചറിഞ്ഞതുകൊണ്ടാണ്. മുതലാളിത്തത്തെ മാർക്സ് കാണു

ന്നത് ഉൽപ്പാദനബന്ധങ്ങൾ വച്ചിട്ടാണ്. ഉൽപ്പാദനബന്ധം എന്ന് പറയുന്നത് ഒരു സാമൂഹികബന്ധമാണ്. മൂലധനം ഒരുവശത്ത്, അദ്ധ്വാനശക്തി മറുവശത്ത്. അതിൽ മൂലധനത്തിനുമേലുള്ള അധികാരമാണ് ഒരർത്ഥത്തിൽ സോഷ്യലിസ്റ്റ് ഭരണകൂടം പിടിച്ചെടുക്കുന്നത്. സോഷ്യലിസത്തിൽ വിപണി ഭരണകൂടത്തിന്റെ കീഴിലാകുന്നു. അതോടുകൂടി അതിന്റെ മുകളിൽ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കഴിയുന്നു. എല്ലാവരും തൽക്കാലത്തേക്ക് തൊഴിലാളികളാകുന്നു. അതാണ് അതിനകത്ത് വരുന്ന ഇഗാലിറ്റേറിയനിസം. മുതലാളിത്തം പറയുന്നത് ഭരണകൂടം വിപണിയിൽ ഇടപെടേണ്ട കാര്യമില്ല. സോഷ്യലിസത്തിൽ ആണെങ്കിൽ ഭരണകൂടംമാത്രം മതി വേറൊന്നും വേണ്ട എന്നാണ്. എന്ത് ഉൽപ്പാദിപ്പിക്കണം എത്ര ഉൽപ്പാദിപ്പിക്കണം-എല്ലാം ഭരണകൂടം തീരുമാനിക്കും. അത് ജനങ്ങളുടെ ആവശ്യമനുസരിച്ചാണ്. ഇതേക്കുറിച്ച് പറയുമ്പോഴേക്ക് എന്റെ മനസ്സിലേക്ക് കടന്നുവരുന്ന ഒരു പുസ്തകമാണ് The Ultimate Resource 1981ൽ ജൂലിയൻ സൈമൺ (Julian Lincoln Simon) എന്ന പരിസ്ഥിതി (വിരുദ്ധ) സമ്പദ്ശാസ്ത്ര വിദഗ്ധൻ ആണ് ഈ പുസ്തകം എഴുതിയത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രകൃതിവിഭവങ്ങൾ ഇല്ലാതാകും എന്നത് ഒരു മിഥ്യാധാരണയാണ്. കാരണം മനുഷ്യൻ അപ്പോൾ അത് മറികടക്കാനുള്ള സാങ്കേതികവിദ്യയും കണ്ടെത്തിയിരിക്കും. പുസ്തകത്തിൽ ഒരിടത്ത് അദ്ദേഹം പറയുന്നുണ്ട് -സൂര്യൻ എന്ന ഊർജ്ജസ്രോതസ്സ് ഇല്ലാതായാൽ വേറെ സൂര്യന്മാരെ കണ്ടെത്തും എന്ന്. ഇത്രക്കുള്ള ഒരു ബൗദ്ധികത മാർക്സിസത്തിന് ഇല്ലെന്നു പറയാമെങ്കിലും ഏതോ ഒരു തലത്തിൽ ഇതുപോലെ ഒരു ആത്മവിശ്വാസം പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധത്തെക്കുറിച്ചുള്ള സമീപനത്തിൽ മാർക്സിസം വച്ചുപുലർത്തുന്നുണ്ട് എന്നു തോന്നുന്നു. പക്ഷെ ഇതൊരിക്കലും മാർക്സിസത്തിന്റെ കാതലായ സമീപനമല്ല. ഉൽപ്പാദനശക്തികളെക്കുറിച്ച് മാർക്സ് പറയാതെവിട്ട പല കാര്യങ്ങളും പൂരിപ്പിച്ചു മനസ്സിലാക്കേണ്ട ബാധ്യത ഇക്കാര്യത്തിൽ നമുക്കുണ്ട് എന്നാണ് എനിക്ക് ഇപ്പോഴും തോന്നിയിട്ടുള്ളത്.

**സോഷ്യലിസ്റ്റ് സാമൂഹിക മാനേജ്മെന്റിൽ കുറച്ചുപേർ ഉടമസ്ഥരോ നോക്കിനടത്തിപ്പുകാരോ ആകുന്നില്ലേ?**

അങ്ങനെ നോക്കിനടത്തുന്നതുതന്നെ ഒരുതരം ലേബർ ആണ്. അധ്വാനശക്തി ചൂഷണം ചെയ്യുകയും മൂലധനം ലാഭം ഉണ്ടാക്കുകയും ചെയ്യുന്ന സ്ഥലത്ത് ലാഭം എന്ന സങ്കൽപ്പം മാറിയിട്ട് ഭരണകൂടം ജനങ്ങൾക്ക് കഴിക്കാനും വസ്ത്രം ധരിക്കാനും മറ്റ് ആവശ്യങ്ങൾക്കുമുള്ള സാധനം അവരെക്കൊണ്ട് ഉൽപ്പാദിപ്പിച്ച് അവർക്ക് കൊടുക്കുന്ന ഒരു വ്യവസ്ഥയായി വരുന്നതാണ് സോഷ്യലിസം എന്ന് പറയുന്നത്. ഇതിന്റെ യഥാർത്ഥ പരീക്ഷണം നടന്ന സ്ഥലങ്ങളിൽ ഒരു പുതിയ അധികാരിവർഗ്ഗം ഉയർന്നുവന്നതായുള്ള വിശകലനം മിലോവൻ ദിലാസിന്റെ (Milovan Djilas) The New Class: An Analysis of the Communist System എന്ന 1957-ൽ ഇറങ്ങിയ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. ദിലാസ് കമ്യൂണിസ്റ്റ് യുഗോസ്ലാവ്യയിൽ പ്രസിഡന്റ് ടിറ്റോയുടെ ഭരണകാലത്ത് വൈസ് പ്രസിഡന്റ് ആയിരുന്നു. കൂടുതൽ ജനാധിപത്യത്തിനുവേണ്ടി വാദിച്ചു ദിലാസ് ഒടുവിൽ വിമതനായി ജയിലിൽ അടക്കപ്പെട്ടു. അക്കാലത്ത് ജയിലിൽ വച്ച് എഴുതിയ പുസ്തകമാണ് 'പുതിയ വർഗം'. പ്രകൃതിചൂഷണവുമായി ബന്ധപെട്ട വളരെ പ്രധാനപ്പെട്ട ഒരു നിരീക്ഷണമാണ് 'പുതിയ വർഗ്ഗ'ത്തിൽ ഉള്ളത്. എന്നാൽ ഈ പുസ്തകത്തെക്കുറിച്ച് ഇതുവരെയുള്ള ചർച്ചകളിൽ ആ വശം കാര്യമായി കടന്നുവന്നിട്ടില്ല. സോഷ്യലിസ്റ്റ് പൊതുവുടമസ്ഥതയിലെ പുതിയ അധികാരിവർഗ്ഗത്തിന് ഉൽപ്പാദന ഉപാധികളുമായുണ്ടാവുക ഒരു രാഷ്ട്രീയ ബന്ധമാണ്. ആ രാഷ്ട്രീയ ബന്ധമാണ് അവിടെ യഥാർത്ഥത്തിൽ നിലനിൽക്കുന്ന സ്വത്തുടമാബന്ധം. ഒരുവശത്ത് സ്വന്തം നിലനിൽപ്പിനായി ഈ പുതിയ അധികാരിവർഗ്ഗം ഭൗതികോൽപ്പാദനവും സ്വന്തം നിലനിൽപ്പിന്റെ അസ്ഥിവാരമായ രാഷ്ട്രീയബന്ധവും പുനരുൽപ്പാദിപ്പിക്കുന്നു. അത്തരത്തിൽ പ്രകൃതിചൂഷണത്തിന് മുതലാളിത്തത്തിൽ നിന്ന് വ്യത്യസ്തമായ ഒരു സമീപനം വികസിപ്പിക്കാൻ അവർക്ക് കഴിയാത്ത ഉൽപ്പാദന ബന്ധത്തിലാണ് സോഷ്യലിസം ചെന്ന് അവസാനിക്കുന്നത് എന്ന് ദിലാസിന്റെ വരികൾക്കിടയിൽ വായിക്കാൻ സാധിക്കും.

**അപ്പോൾ ഭരണകൂടം ഇല്ലാതെയാകുന്നത് എങ്ങനെയാണ്?**

അതിനെക്കുറിച്ച് മാർക്സും എംഗൽസും പറഞ്ഞിരിക്കുന്നത് ഒരു സ്പെക്യുലേഷൻ ആണ്. സോഷ്യലിസം വന്നുകഴിഞ്ഞാൽ, ഓരോരുത്തരും അവരവരുടെ കഴിവിനനുസരിച്ച് എന്നുള്ളതു മാറിയിട്ട് ഓരോരുത്തരും അവരവരുടെ ആവശ്യത്തിനനുസരിച്ച് എന്നുള്ള വ്യവസ്ഥ തുടർന്ന് രൂപപ്പെടും എന്നാണ് പറയുന്നത്. അതിനകത്ത് മാർക്സ് കണ്ട ഒരു കാര്യം എന്താണെന്ന് വെച്ചാൽ ഉൽപ്പാദനശക്തികൾ ചരിത്രത്തിൽ നിരന്തരം വികസിച്ചുകൊണ്ടേയിരിക്കുന്നു. മുതലാളിത്തത്തിൽ വരുന്ന ഒരുപ്രശ്നം ഒരുഘട്ടം കഴിയുമ്പോൾ മുതലാളിത്തത്തിലെ ഉൽപ്പാദന ബന്ധങ്ങളും ഉൽപ്പാദനശക്തികളുടെ വികാസവും തമ്മിൽ ഒരു പൊരുത്തപ്പെടൽ ഇല്ലാതെ വരും. അങ്ങനെ വരുമ്പോൾ ഉൽപ്പാദനബന്ധങ്ങൾ മാറിയാൽ മാത്രമേ ഉൽപ്പാദനശക്തികൾക്ക് വികസിക്കാൻ കഴിയൂ. നേരത്തെ പറഞ്ഞതുപോലെ അങ്ങനെ ഉൽപ്പാദനശക്തികൾ മുരടിക്കുമ്പോൾ ആ മുരടിപ്പിന് പരിഹാരമായിട്ടാണ് സോഷ്യലിസം വരുന്നത്. സ്വകാര്യസ്വത്ത് ഉൽപ്പാദനശക്തികളുടെ വികാസത്തിന് ഒരു തടസ്സമായിത്തീരുന്നു. ആ ഘട്ടത്തിലാണ് സ്വകാര്യസ്വത്ത് ദേശസാത്കരിക്കുന്നത്. അങ്ങനെ അധ്വാനശക്തിയുടെ ചൂഷണത്തെക്കുറിച്ച് പറയുകയും പ്രകൃതിചൂഷണത്തെക്കുറിച്ച് മിണ്ടാതിരിക്കുകയുമാണ്. കാരണം അത് കൂടുതൽ ആവശ്യമായി വരുന്നു എന്നതുതന്നെ. ബുദ്രിയാർ (Baudrilliard) എന്ന ഉത്തരാധുനിക ചിന്തകൻ ഇതിനെക്കുറിച്ച് ഒരു പുസ്തകം തന്നെ എഴുതിയിട്ടുണ്ട്-'ഉല്പ്പാധദനത്തിന്റെ കണ്ണാടി' The Mirror of Production. മാർക്സിസം, ഒരർത്ഥത്തിൽ സോഷ്യലിസത്തിന്റെ സാമ്പത്തികസിദ്ധാന്തം, എന്നു പറയുന്ന മുതലാളിത്തത്തിന്റെ സാമ്പത്തികസിദ്ധാന്തത്തിന്റെ പ്രതിരൂപമാണ്. അത് തല തിരിച്ചിട്ടിരിക്കുകയാണ്. അതായത് ചൂഷണം മാറി, പക്ഷെ പ്രകൃതിയോടുള്ള ബന്ധം മാറുന്നില്ല. ബുദ്രിയാർ പറയുന്നത് മാർക്സിസം ബോധ്യപ്പെടുത്തുന്നത് അദ്ധ്വാനശക്തി വിൽക്കുന്നതിനാൽ നമ്മൾ അന്യവൽക്കരിക്കപ്പെടുന്നു എന്നാണ്. അങ്ങനെ പറയുന്നതിലൂടെ മാർക്സിസം വിസ്മരിക്കുന്നത് നാം ഒരു പക്ഷെ, അദ്ധ്വാനശക്തി എന്ന നിലക്കാണ് അന്യവൽക്കരിക്കപ്പെടുന്നത്

എന്ന കുറേക്കൂടി വിപ്ലവാത്മകമായ യാഥാർത്ഥ്യമാണ്. ([Marxism] convinces men that they are alienated by the sale of their labor power, thus censoring the much more radical hypothesis that they might be alienated as labor power). സാമൂഹികബന്ധം മാത്രം മാറുന്നു. സാമൂഹികമായുള്ള അന്യവത്കരണം പരിഹരിച്ചു. ജോലിചെയ്യുന്ന ഉത്പന്നം നിങ്ങളുടേത് കൂടിയാണ്. കാരണം സർക്കാർ നിങ്ങളുടേതാണല്ലോ. നിങ്ങൾ ഒരു വ്യക്തിയെ കണ്ടിട്ട് കാര്യമില്ല. വ്യക്തിയുടെ അന്യവത്കരണം എന്ന അർത്ഥത്തിൽ മാത്രമല്ല, അത് സാമൂഹികമായ അന്യവത്കരണമാണ്. അന്യവത്കരണം എന്ന ആശയം തന്നെ പലരും തെറ്റായാണ് ധരിച്ചിരിക്കുന്നത്. വ്യക്തിക്ക് വന്ന അന്യവത്കരണമാണെന്നാണ് പലരും വ്യാഖ്യാനിച്ചത്. മാർക്സ് പറഞ്ഞ അന്യവത്കരണം വ്യക്തിക്കുണ്ടാകുന്ന അന്യവത്കരണമല്ല. ഒരർത്ഥത്തിൽ അത് വ്യക്തിക്കുണ്ടാകുന്നതാണ്. പക്ഷെ ചരിത്രപരമാണ്. അധ്വാനമാണ് മൂല്യത്തിന്റെ ഉറവിടം എന്നിരിക്കെ ആ അധ്വാനത്തിന് ആ മൂല്യത്തിന് അനുസൃതമായ കൂലി കിട്ടാതിരിക്കുന്നതുകൊണ്ടും ആ കൂലിയുടെ ഭാഗം മിച്ചമൂല്യമായി മുതലാളിയുടെ കയ്യിൽ പോകുന്നതുകൊണ്ടും ഈ ചരക്കിൽ നിന്നും അധ്വാനം അന്യവത്കരിക്കപ്പെട്ടിരിക്കുന്നു എന്നുമാണ് മാർക്സ് പറഞ്ഞിരിക്കുന്നത്. സൈദ്ധാന്തിക വ്യക്തതയില്ലെങ്കിൽ നമ്മൾ ഇതൊക്കെ ആദർശവാദപരമായി മനസ്സിലാക്കിപോകും. മാർക്സ് ഒരിടത്ത് പറയുന്നത്-വിശുദ്ധ കുടുംബത്തിൽ (The Holy Family) ആണെന്ന് തോന്നുന്നു-ആധുനിക സമൂഹത്തിൽ ബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവും അന്യവൽക്കരണവും വസ്തുവൽക്കരണവും നേരിടുന്നുണ്ട്. പക്ഷെ സ്വത്തുടമസ്ഥർക്ക് ഇതൊരുതരം ശാക്തീകരണം ആയാണ് അനുഭവപ്പെടുന്നത്. എന്നാൽ തൊഴിലാളികൾക്ക് ഇത് നിർശാക്തീകരണവും അപമാനവീകരണവും ആണ്. ഇതേക്കുറിച്ചുള്ള വിശദമായ വിശകലനം വസ്തുവൽക്കരണത്തെക്കുറിച്ചുള്ള (Reification) ചർച്ചയുടെ സന്ദർഭത്തിൽ ജോർജ് ലൂക്കാച്ച് 'ചരിത്രവും വർഗ്ഗ ബോധവും' (George Lukacs: History and class Consciosuness, 1923) എന്ന കൃതിയിൽ നടത്തുന്നുണ്ട്.

തൊഴിലാളിയുടെ അധ്വാനശക്തിയും വ്യക്തിത്വവും തമ്മിലുള്ള വിഘടനം, അധ്വാനശക്തിയുടെ ആത്യന്തികമായ വസ്തുവൽക്കരണം, അത് വിപണിയിൽ വിൽക്കപ്പെടുന്ന ഒരു ചരക്കു മാത്രമായി മാറുന്നത്, ഒരു വലിയ പ്രശ്നമായി സോഷ്യലിസത്തിലും തുടരുവാനും ഈ പുതിയ ഉൽപ്പാദനബന്ധം കാരണമാകുന്നു. ചുരുക്കിപ്പറഞ്ഞാൽ മുതലാളിത്തത്തിന്റെ ഒരു തുടർച്ചയായി, ഒരു സവിശേഷ അർത്ഥത്തിൽ മാത്രം സോഷ്യലിസവും മാറാം എന്ന സാധ്യത യഥാർത്ഥ സോഷ്യലിസ്റ്റ് പരീക്ഷണങ്ങൾ കാട്ടിത്തന്നു. ഇത് അതിന്റെ ഒരു വശം മാത്രമാണ്. മറ്റു സാധ്യതകൾ ഇല്ലായിരുന്നു എന്നല്ല.

**അങ്ങനെയെങ്കിൽ മുതലാളിത്തത്തിൽ നിന്നും സോഷ്യലിസത്തിലേക്ക് എത്തുമ്പോൾ കേവലമായ ഒരു ഭരണമാറ്റം മാത്രമാണ് സംഭവിക്കുന്നത് എന്ന് പറയാൻ കഴിയില്ലേ?**

അതുശരിയാണ്. പക്ഷെ ചില വ്യത്യാസങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ മാത്രമേ അങ്ങനെ പറയുന്ന അർത്ഥത്തിൽ ശരിയാവുകയുള്ളു. മിലോവൻ ദിലാസ് അമ്പതുകളിൽ തന്നെ പുതിയ ട്രേഡ് യൂണിയൻ ക്ലാസ് ഉയർന്നുവരുന്നുണ്ട് എന്നു പറഞ്ഞ് ഒരു വിമർശനം മുന്നോട്ടുവയ്ക്കുന്നതിന്റെ സൈദ്ധാന്തികതലങ്ങൾ എവിടെവരെ ചെന്നെത്തുന്നു എന്നാണ് ഞാൻ പറയാൻ ശ്രമിച്ചത്. സ്വകാര്യസ്വത്ത് ഇല്ലാതാവുന്നു എന്നും മിച്ചമൂല്യചൂഷണം ഇല്ലാതാവുന്നു എന്നും പറയുമ്പോഴും ഉല്പ്പാദനത്തിൽ പാലിക്കാത്ത, എന്നാൽ വിപണിയിൽ കൊണ്ടുവരുന്ന, അമിതമായ നിയന്ത്രണങ്ങൾ ഒരു rent-seeking വ്യവസ്ഥയിലേക്ക് ഈ സമൂഹങ്ങളെ നിർബന്ധിച്ചുകൊണ്ടിരുന്നു എന്നതാണ് ഇപ്പോൾ മനസ്സിലാവുന്നത്. ഡേവിഡ് ലേവി (David levy) 1990 ൽ 'The Bias in Centrally Planned Prices' എന്ന പഠനത്തിൽ ഇതെങ്ങനെയാണ് സോവിയറ്റ് സമ്പദ്‌വ്യവസ്ഥയെ ബാധിച്ചത് എന്ന് വ്യക്തമാക്കുന്നുണ്ട്. ദിലാസ് പറയുന്ന പ്രശ്നത്തിന്റെ മറ്റൊരു സൈദ്ധാന്തികവശമാണ് ഇത്. ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത് വിപണിവിലയിൽ നിന്ന് താഴെയാണ്. ഇതാവട്ടെ ഉൽപ്പന്നങ്ങളുടെ മുകളിൽ ദിലാസ് പറയുന്ന രാഷ്ട്രീയ ഉടമസ്ഥതയുള്ള വിഭാഗത്തിന് കൃത്രിമമായോ അല്ലാതെയോ ഉണ്ടാകുന്ന ദൗർലഭ്യത്തെ മുതലെടുത്ത് rent നേടാനുള്ള അവസരം നൽകുന്നു. ഇത്തരത്തിൽ ഉള്ള rent-seeking വ്യവസ്ഥയിലാകെ പടർന്നുപിടിച്ചിരുന്നു. തൊഴിൽ വിഭജനം അപ്പോഴും ഉണ്ട്. അവിടെയുണ്ടാകുന്ന മാനേജീരിയൽ ക്ലാസിന് കൂടുതൽ പ്രാമുഖ്യം കിട്ടുന്നു. അവർക്ക് കിട്ടുന്ന പ്രാമുഖ്യം ഈ ലാഭത്തിന്റെ വിഹിതമല്ല, കൂലിയ്ക്ക് ഉപരിയായുള്ള ഈ rent ആണ്. ഒരു വിഭവത്തിനു അതിന്റെ മൂല്യത്തിന് ഉപരിയായുള്ള വില മറ്റൊരു വിഭവോൽപ്പാദനത്തിന് സഹായകരമല്ലാത്ത രീതിയിൽ സൃഷ്ടിക്കുകയും അത് സ്വകാര്യമായി നേടിയെടുക്കുകയും ചെയ്യുന്നതിനാണ് പബ്ലിക് ചോയിസ് ധനശാസ്ത്രത്തിൽ rent എന്ന് പറയുന്നത്. കൂലിയിലുള്ള അസമത്വത്തിന് യഥാർത്ഥത്തിൽ തൊഴിലാളികൾ എതിരല്ല. അവരുടെ പൊതുബോധം അങ്ങനെയാണ്. എല്ലാ ജോലികൾക്കും ഒരേതരം വൈദഗ്ധ്യങ്ങൾ അല്ലല്ലോ ആവശ്യമായി വരുന്നത്. എല്ലാവർക്കും ഒരേ ശേഷിയും അല്ല. സാമൂഹികാധ്വനം (social labour) സാമൂഹികമായി ആവശ്യമുള്ള അധ്വാനം (socially necessary labour) തുടങ്ങിയ നവപരികല്പനകൾ മാർക്സിനു വികസിപ്പിക്കേണ്ടി വരുന്നത് അതുകൊണ്ടാണ്.

എത്ര കൂടുതൽ കൂലി തൊഴിലാളികൾക്ക് കൊടുത്താൽ തന്നെയും സോഷ്യലിസത്തിൽ അവർ മറ്റവരെ സബോർഡിനേറ്റ് ചെയ്തുവച്ചിട്ടുണ്ടെങ്കിൽ പോലും, മാർക്സ് പറഞ്ഞ തരത്തിലുള്ള സർപ്ലസ് എക്സ്ട്രാക്ഷൻ കൊണ്ട് പുനരുത്പ്പാദനം നടത്തുന്ന രീതി വരുന്നില്ല. സൈദ്ധാന്തികമായി പറഞ്ഞാൽ അധ്വാനത്തെ അന്യവത്കരിച്ചുകൊണ്ടല്ല, ദേശസാത്കരിച്ചുകൊണ്ടാണ് ഇത് ചെയ്യുന്നത്. മൂല്യം ഉൽപ്പാദിപ്പിക്കുന്ന അധ്വാനം പ്രകൃതിയുമായി ചേർന്ന് നിന്നുകൊണ്ടാണ്. പക്ഷെ, തൊഴിലാളിക്ക് അധ്വാനത്തിന് അനുസരിച്ചുള്ള കൂലി കൊടുത്തുകൊണ്ടാണ് ഈ വ്യവസ്ഥ നിലനിൽക്കുന്നതെങ്കിൽ പോലും പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന്റെ മൂല്യനിർണ്ണയത്തെ സംബന്ധിച്ചിടത്തോളം ഒരു മാനദണ്ഡം ഉണ്ടാകുന്നില്ല. അത് എത്ര വേണമെങ്കിലും എങ്ങനെ വേണമെങ്കിലും ആകാം എന്നാണ്. പ്രകൃതിയെ കാണുന്ന രീതിയിൽ വ്യത്യാസം വന്നില്ല. ഈയൊരു ചൂഷണവ്യവസ്ഥ മാറുമ്പോൾ സ്വാഭാവികമായും

പ്രകൃതിയെ കാണുന്ന രീതിയിൽ ആഢംബര ഉപഭോഗങ്ങളില്ലാത്ത ഒരു സമൂഹമാണ് സോഷ്യലിസം എന്ന് പറഞ്ഞുവച്ചില്ല.

**കൂടാതെ മുതലാളിത്ത ഉൽപ്പാദനം മുരടിക്കുന്നതുകൊണ്ടാണല്ലോ സോഷ്യലിസം കൊണ്ടുവരുന്നത്?**

അതെ. മാത്രവുമല്ല നിങ്ങൾക്ക് ആഢംബരം വേണമെങ്കിൽ സോഷ്യലിസത്തിലേക്ക് പോകണമെന്നാണ് മാർക്സ് പറഞ്ഞതിന്റെ അർത്ഥം. അങ്ങനെ ഉണ്ടാകില്ലെന്നത് വേറൊരു കാര്യം. കാരണം സോവിയറ്റ് യൂണിയനിലാണല്ലോ ഇത് ഏറ്റവും കൂടുതൽ പരീക്ഷിച്ചത്. ആദ്യകാലത്ത് അങ്ങനെയുള്ള പരിശ്രമങ്ങളൊക്കെയുണ്ടായിരുന്നു. പക്ഷെ ശീതയുദ്ധം എന്ന അവസ്ഥ മുതലാളിത്തത്തെക്കാൾ സോഷ്യലിസത്തെ വീർപ്പുമുട്ടിച്ചത് എങ്ങനെയാണ് എന്ന് മനസ്സിലാക്കേണ്ടതല്ലേ? ഡിഫെൻസിനുവേണ്ടി ധാരാളം സമ്പത്തുപയോഗിച്ചു. അങ്ങനെവേണമെങ്കിൽ പറയാം. ഒരു രാജ്യത്ത് മാത്രം സോഷ്യലിസം നടപ്പാക്കുന്നതിന്റെ പ്രശ്നങ്ങളാണെന്നും പറയാം. എങ്കിലും മനുഷ്യാവശ്യം എപ്പോഴും ഡൈവേഴ്സ് ആയിരിക്കും. എനിക്ക് ഒരു പച്ച ഷർട്ടും നിങ്ങൾ ഒരു നീലഷർട്ടും വേണമെന്ന് ആഗ്രഹിച്ച് നമ്മൾ മാർക്കറ്റിൽ പോകും. ചുവന്ന ഷർട്ട് മാത്രമേ അവിടെ കിട്ടുന്നുള്ളുവെങ്കിൽ നമുക്ക് നിരാശയാവും. “എന്നു വരും നീലയും പച്ചയും?” എന്നു ചോദിച്ചാൽ, “ഞങ്ങൾ ഓർഡർ കൊടുത്ത് ആറുമാസം കഴിഞ്ഞ് വന്നു നോക്കൂ. ഇപ്പോൾ ഒപ്പിട്ടുപൊയ്ക്കോളൂ” എന്നുപറഞ്ഞാൽ നിങ്ങളുടെ ആഗ്രഹപൂർത്തീകരണത്തിന് കാത്തിരിക്കണമെന്നാണ്. മുതലാളിത്തവ്യവസ്ഥയിൽ മുതലാളിമാർ അത് ഉടൻ പരിഹരിക്കും. വിപണിയിൽ ദൗർലഭ്യം അനുഭവപ്പെടുന്ന വസ്തു ഉൽപ്പാദിപ്പിച്ചാൽ ലാഭം കൂടുതൽ കിട്ടുമെന്ന് അവർക്കറിയാം. സ്റ്റേറ്റ് സോഷ്യലിസത്തിൽ ഒരുവശത്ത് ഭരണകൂടം പ്രകൃതിവിഭവങ്ങൾ തന്നിഷ്ടംപോലെ കൈകാര്യം ചെയ്യുമ്പോഴും ചില ഉപഭോഗവസ്തുക്കൾ ചോദനക്ക് അനുസരിച്ച് ലഭ്യമാവുന്നില്ല എന്നത് ജനങ്ങളെ നിരാശപ്പെടുത്തുന്നുണ്ടായിരുന്നു. എൻ.വി. കൃഷ്ണവാര്യർ ആണെന്ന് തോന്നുന്നു, റഷ്യയിൽ പോയി തിരിച്ചെത്തിയശേഷം എഴുതിയ യാത്രാവിവരണത്തിൽ മോസ്ക്കോയിൽ താമസിക്കുമ്പോൾ അവിടെ കലശലായ ഇരുമ്പാണിക്ഷാമം അനുഭവപ്പെടുന്നതിനെക്കുറിച്ച് സൂചിപ്പിച്ചത്. ഞാൻ ഓർമ്മയിൽ നിന്ന് പറയുകയാണ്-അദ്ദേഹം അപ്പോൾ ഒരു ചോദ്യം ചോദിക്കുന്നുണ്ട്- “സ്പുട്നിക്കുകൾ നിർമ്മിക്കുന്ന രാജ്യം ആണികൾ ഉണ്ടാക്കാൻ മറന്നുപോകുന്നത് എന്തുകൊണ്ട്” എന്ന്. ഇതാണ് സ്റ്റേറ്റ് സോഷ്യലിസത്തിലെ വിഭാവാസൂത്രണതിന്റെ പ്രശ്നവും. തൊണ്ണൂറുകളിൽ ഞാൻ വായിക്കുകയും റിവ്യൂ ചെയുകയും ചെയ്ത ഒരു പുസ്തകമാണ് 21st Century Capitalism (Robert Heilbroner, 1993). ഇക്കാര്യമാണ് ആ പുസ്തകത്തിൽ കൈകാര്യം ചെയ്യുന്ന ഒരു സവിശേഷ വിഷയം. അപ്പോൾ ഡിസയർ, വസ്തുവിനോടുള്ള (മുതലാളിത്തത്തിൽ കമ്മോഡിറ്റി) ഡിസയർ, നീഡ്സ് അൺലിമിറ്റഡ് ആയിരിക്കുകയും അത് തൃപ്തിപ്പെടുത്താനുള്ള നമ്മുടെ ത്വര അധികമായിരിക്കുകയും ചെയ്യുന്നിടത്തോളം ഏതുതരത്തിലുള്ള ഉൽപ്പാദനരീതിവന്നാലും അടിസ്ഥാനപരമായി പ്രകൃതിയോടുള്ള നമ്മുടെ ബന്ധം മാറുന്നില്ല. അതാണ് ഇക്കോളജിക്കൽ സെൻസിൽ നാം കാണേണ്ട ഒരുകാര്യം. ഉൽപ്പാദനരീതി എന്ന സൈദ്ധാന്തിക സങ്കൽപ്പം കയ്യിലുള്ളപ്പോൾ പോലും, അത് പലതരത്തിൽ ഉപയോഗിക്കാവുന്ന പരിപ്രേക്ഷ്യമാണെങ്കിൽപ്പോലും, അതിന്റെ ഘടനയിലെ സാമ്പത്തിക ബന്ധത്തെയല്ലാതെ, അതിലെ മനുഷ്യ-പ്രകൃതിബന്ധത്തെ, ആ പരികൽപ്പനയുടെ ഉള്ളിൽ നിന്നുകൊണ്ട്, അതിന്റെ ജ്ഞാനശാസ്ത്രം ഉപയോഗിച്ച്, മാർക്സിസം സൈദ്ധാന്തികമായി കൈകാര്യം ചെയ്യുന്നില്ല. ഇതിലേക്ക് തിരിച്ചുവരാമോ എന്നാണ് ആന്ദ്രേ ഗോർസും മറ്റുള്ളവരും പൊളിറ്റിക്കൽ ഇക്കോളജിയിൽക്കൂടി അന്വേഷിക്കുന്നത്. ന്യൂ ലെഫ്റ്റ് റിവ്യൂവിൽ തൊണ്ണൂറുകളുടെ തുടക്കത്തിൽ എഴുതിയ ഒരു ലേഖനത്തിൽ ആന്ദ്രെ ഗോർസ് വളരെ കൃത്യമായിത്തന്നെ ഒരു കാര്യം പറയുന്നുണ്ട്: “Political ecology ... uses ecologically necessary changes to the mode of production and consumption as a lever for normatively desirable changes in the mode of life and in social relations. Defence of the living environment in the ecological sense, and the reconstitution of a life-world, condition and support one another. Both require life and the living environment to be withdrawn from the domination of economics; both require the growth of spheres of activity to which economic rationality does not apply. This requirement, in truth, is as old as civilization. From the anonymous Ricardoite whose 1821 pamphlet Marx so enjoyed quoting to Keynes and Leontieff, the leading theoreticians of modern economics have all held disposable time for activities 'valued as an end in themselves' (die sich als Selbstzweck gilt, in Marx's term from the Grundrisse) to be 'the true measure of wealth'”. അതായത് മുതലാളിത്തത്തിന്റെ സാമ്പത്തികയുക്തിയെ മറികടക്കാൻ കഴിയാത്ത ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥ പ്രകൃതിയുമായുള്ള ബന്ധത്തെ പുനർനിർവചിക്കുന്നില്ല എന്നതാണ് കേന്ദ്രപ്രശ്നം. Ecologica (2008) എന്ന പുസ്തകത്തിൽ ഗ്രോസ് മുതലാളിത്ത വളർച്ചയെക്കുറിച്ചു പറയുന്നത് ശ്രദ്ധേയമാണ്- “...for capitalism, growth is a systemic necessity that is totally independent of - and indifferent to - the material reality of what is growing” എന്ന്. ഇതാണ് ‘നിലനിന്ന’ സോഷ്യലിസത്തിലും സംഭവിച്ചുകൊണ്ടിരുന്നത്.

ഉൽപ്പാദനരീതി എന്ന സൈദ്ധാന്തിക സങ്കൽപ്പം കയ്യിലുള്ളപ്പോൾ പോലും, അത് പലതരത്തിൽ ഉപയോഗിക്കാവുന്ന പരിപ്രേക്ഷ്യമാണെങ്കിൽപ്പോലും, അതിന്റെ ഘടനയിലെ സാമ്പത്തിക ബന്ധത്തെയല്ലാതെ, അതിലെ മനുഷ്യ-പ്രകൃതിബന്ധത്തെ, ആ പരികൽപ്പനയുടെ ഉള്ളിൽ നിന്നുകൊണ്ട്, അതിന്റെ ജ്ഞാനശാസ്ത്രം ഉപയോഗിച്ച്, മാർക്സിസം സൈദ്ധാന്തികമായി കൈകാര്യം ചെയ്യുന്നില്ല. ഇതിലേക്ക് തിരിച്ചുവരാമോ എന്നാണ് ആന്ദ്രേ ഗോർസും മറ്റുള്ളവരും പൊളിറ്റിക്കൽ ഇക്കോളജിയിൽക്കൂടി അന്വേഷിക്കുന്നത്.

**പ്രകൃതിയുമായുള്ള ബന്ധത്തിൽ എന്തുമാറ്റം കൊണ്ടു വരാൻ സാധിക്കും? അങ്ങനെയാണെങ്കിൽത്തന്നെ ഒരു സോഷ്യലിസ്റ്റ് പൊളിറ്റിക്കൽ പ്രാക്ടീസ് മുതലാളിത്തം തകരുന്നതുവരെ കാത്തിരിക്കേണ്ടതാണോ? തൊഴിലാളിവർഗ്ഗത്തിനുള്ളിൽ തന്നെ മറ്റു ജനവിഭാഗങ്ങൾക്കും ഇടപെടുന്നതിന് ഒരു ഏജൻസി ഉണ്ടോ?**

ഫെമിനിസ്റ്റുകൾക്ക്, ദളിത് വിഭാഗങ്ങൾക്ക് ഒക്കെ ഉണ്ടെങ്കിൽ, തൊഴിലാളികൾക്ക് പ്രോലിറ്റേറിയൻ രീതിയിൽ അവരുടെ കൂലി വർദ്ധിപ്പിക്കാനുള്ള സാധ്യതയുണ്ടെങ്കിൽ, മുതലാളിത്തത്തിനുള്ളിൽ ഈ ഉപഭോഗ-ഉൽപാദന വ്യവസ്ഥയെ ക്രമീകരിക്കാൻ പറ്റുന്ന ഒരു ഏജൻസി ഉണ്ടാവണമല്ലോ. അതാണ് പരിസ്ഥിതിപ്രസ്ഥാനം. മാർക്സിനെ സംബന്ധിച്ച് സോഷ്യലിസ്റ്റ് പൂർവ്വകാലഘട്ടത്തിലെ പരിസ്ഥിതി എന്നുപറയുന്നത്, മുതലാളിത്ത വ്യവസ്ഥയുടെ വിമർശനത്തിന്റെ വേറൊരുതലം കൊണ്ടുവരുന്നു എന്നതാണ്. മറ്റു പലതിനോടുമൊപ്പം ഫെമിനിസത്തിന്റെ മുതലാളിത്ത വിമർശനവും അത് പുരുഷാധിപത്യത്തെ അതേപടി സ്വീകരിക്കുന്നു എന്നതാണ്. ജാതി, പുരുഷാധിപത്യം, എന്നിവ കൂടിച്ചേർന്ന് അതിനെ ദൃഢീകരിക്കുന്നു എന്ന മട്ടിലൊരു വിമർശനം മാർക്സിയൻ കാഴ്ചപ്പാടിൽ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്കുണ്ട്. പക്ഷെ, അത് വ്യക്തതയോടെ പറഞ്ഞുവെച്ചില്ല എന്നുള്ളതാണ്. ഇത് പക്ഷെ സർവ്വസമ്മതമായ ഒരു സമീപനമല്ല. ആന്ദ്രെ ഗോർസ് തന്നെ എഴുതിയ മറ്റൊരു പുസ്തകത്തിന്റെ പേര് 'തൊഴിലാളി വർഗ്ഗത്തിന് യാത്രാമൊഴി' എന്നാണ് (Farewell to the Working Class: An Essay on Post-Industrial Socialism). തൊഴിലാളിവർഗ്ഗത്തെ കയ്യൊഴിയുന്നു, പക്ഷെ സോഷ്യലിസത്തെ കൈവിടുന്നില്ല. ഗോർസ് മാർക്സിസത്തെ മനസ്സിലാക്കാത്ത ചിന്തകനല്ല. കേവലം ഒരു സൈദ്ധാന്തിക താല്പ്പര്യം മാത്രമല്ല അദ്ദേഹത്തിനുള്ളത്. ട്രേഡ് യൂണിയനുകളെക്കുറിച്ച്, വേതന വ്യവസ്ഥകളെക്കുറിച്ച്, അന്യവൽക്കരണത്തെക്കുറിച്ച് വേവലാതികളുള്ള മാർക്സിസ്റ്റ് ചിന്തകനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന് ഏജൻസിയെക്കുറിച്ചുണ്ടാവുന്ന സന്ദേഹം ഉത്തരാധുനികതയുടെ കേവല സന്ദേഹം മാത്രം ആയിരുന്നില്ല. അദ്ദേഹം ഹ്യൂമനിസ്റ്റ് പരിപ്രേക്ഷ്യത്തിൽ തന്നെ നിലകൊണ്ടിരുന്ന ചിന്തകനാണ്. പരമ്പരാഗത അർത്ഥത്തിൽ മാർക്സിസ്റ്റ് വിരുദ്ധനല്ല.

**പ്രകൃതിയെ സമ്പദ്‌വ്യവസ്ഥയുടെ ഒരു സബ്സെറ്റ് ആയി തലതിരിഞ്ഞ് കാണുന്ന ഒരു രീതി കൂടിയല്ലേ?**

തലതിരിഞ്ഞ് കാണുക എന്ന രീതിയിൽ കവിഞ്ഞ് മുതലാളിത്ത പ്രകൃതി ചൂഷണസമ്പ്രദായത്തെ അനുകരിക്കുകയാണ് ചെയ്യുന്നത്. ശരിക്കും ഇന്നത്തെ അവസ്ഥയിൽ കമ്യൂണിസ്റ്റ്പാർട്ടിയോ അത്തരം പ്രസ്ഥാനങ്ങളോ യഥാർത്ഥത്തിൽ ചെയ്യേണ്ടത് മുതലാളിത്ത ഉൽപ്പാദന ശക്തികളുടെ വികാസത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാടിനെ തിരുത്താനുള്ള ഒരു ശക്തികൂടിയായ പരിസ്ഥിതി പ്രസ്ഥാനങ്ങളോടൊപ്പം ചേരുക എന്നതാണ്. അതിനു പകരം ഉൽപ്പാദനശക്തികൾ അനന്തമായി വികസിക്കേണ്ടതാണെന്ന ഒരു മുൻധാരണയോടുകൂടി ഇതിനെ സമീപിച്ചാൽ ഏത് വികസനശ്രമത്തെയും ഉൽപ്പാദനശക്തിയുടെ വികാസമായിട്ടേ കാണാൻ കഴിയുകയുള്ളു. അങ്ങനെ വികാസമായി കാണുമ്പോൾ അതിനെ എതിർക്കുന്നത് ചരിത്രത്തിനോടുള്ള, തൊഴിലാളിവർഗ്ഗത്തോടുള്ള നീതികേടായി കാണേണ്ടിവരും. അങ്ങനെയാണ്, അത്രയ്ക്ക് സങ്കുചിതമായാണ്, ഇപ്പോൾ കാണുന്നത്.

**സൈദ്ധാന്തികമായി അതിനുള്ള സാധൂകരണമാണിത്. എന്നാൽ ശരിക്കുംഅങ്ങനെയാണോ? ഉദാഹരണത്തിന് ലിബറലൈസേഷൻ വന്നപ്പോൾ പോളിസിമാറ്റം വന്നത് മാർക്സിസത്തിൽ നിന്നുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിലല്ലോ. അത് മൂലധന ഇൻഫ്യൂഷൻ എന്നുള്ളതാണല്ലോ?**

അത് വളരെ ശരിയാണ്. അതിന്റെയകത്തുള്ളൊരു പ്രധാനപ്പെട്ടകാര്യം എന്നുപറയുന്നത് ഇങ്ങനെ വളരെ സൈദ്ധാന്തികമായിട്ട് പറഞ്ഞുവെക്കുമ്പോൾ അത് മാർക്സിസത്തിനുള്ളിൽത്തന്നെ വികസിച്ചുവരേണ്ട മുതലാളിത്ത വിമർശനത്തിനുള്ള ധാരയെ തടസ്സപ്പെടുത്തുന്നുവെന്നുള്ളതാണ്. അങ്ങനെയൊന്നിനെ കാണാതിരിക്കുകയും ചെയ്യുന്നു. ഉൽപ്പാദനശക്തികളുടെ വികാസം എന്ന് മാർക്സ് പറഞ്ഞുവെന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ആ വികാസത്തെ ഏകപക്ഷീയമായും സ്ഥൂലമായുള്ളതുമായ വികാസമായി കാണേണ്ട കാര്യമില്ല. ഗുണപരമായ വികാസവും സാധ്യമാണ്.

**മാർക്സ് അങ്ങനെ ഗുണപരമായ വികാസം എന്ന രീതിയിൽ എന്തെങ്കിലും പറഞ്ഞുവച്ചിട്ടുണ്ടോ?**

മാർക്സ് പറഞ്ഞുവച്ചിട്ടില്ല. ഞാൻ പറയുന്നത് അത് മാർക്സിയൻ സൈദ്ധാന്തിക സങ്കല്പ്പത്തിന്റെ അകത്തുണ്ട് എന്നാണ്. എന്നാൽ പൂർണ്ണമായും വിശദീകരിച്ചിട്ടില്ല. വിശദീകരിക്കാത്തതുകൊണ്ട് അത് ഓപ്പൺ എൻഡഡ് ആണ്. അതുമാത്രമല്ല മനുഷ്യന്റെ ഇടപെടൽ കാരണം പല സ്ഥലങ്ങളിലും പരിസ്ഥിതിയിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതിനെക്കുറിച്ചു മാർക്സും ഏംഗൽസും പറയുകയും ചെയ്യുന്നുണ്ട്. കാൾ ഫ്രാസ് എഴുതിയ Climate and the Vegetable World Throughout the Ages: A History of Both (Karl Fraas 1847) എന്ന കൃതിയിൽ വനനശീകരണം അടക്കമുള്ള കാര്യങ്ങൾ വിശദീകരിച്ചിരിക്കുന്നത് 1868-ൽ ഏംഗൽസിന് എഴുതിയ ഒരു കത്തിൽ സൂചിപ്പിച്ചുകൊണ്ട് മാർക്സ് പറയുന്നത് കാർഷികസാങ്കേതികവിദ്യ തന്നെ നശീകരണ സ്വഭാവമുള്ളതാകുന്നു എന്ന ഫ്രാസിന്റെ വാദം ശരിയാണ് എന്നാണു. മാത്രമല്ല, ഫ്രാസ് ഒരു ബൂർഷ്വാ ശാസ്ത്രജ്ഞൻ ആണെങ്കിൽ പോലും അദ്ദേഹം ചൂണ്ടിക്കാട്ടുന്നത് സോഷ്യലിസ്റ്റ് ആശയങ്ങൾ ആണ് എന്നുകൂടി മാർക്സ് കൂട്ടിച്ചേർക്കുന്നുണ്ട്: "Climate and the Vegetable World throughout the Ages, a History of Both, by Fraas (1847) is very interesting, especially as proving that climate and flora have changed in historic times. .. The first effects of cultivation are useful, later devastating owing to deforestation, etc. ... The whole conclusion is that cultivation when it progresses in a primitive way and is not consciously controlled (as a bourgeois of course he does not arrive at this), leaves deserts behind it, Persia, Mesopotamia, etc., Greece. Here again another unconscious socialist tendency!". കൂടാതെ, ഉട്ടോപ്പിയൻ സോഷ്യലിസ്റ്റ് ആയിരുന്ന ചാൾസ് ഫ്യൂറിയർ 'humanist socialist' ആണ് എന്ന് ഫ്രാസ് പറഞ്ഞതും മാർക്സ് ഉദ്ധരിക്കുന്നുണ്ട്. പ്രകൃതിയെ സംരക്ഷിക്കണം എന്ന് പറയുന്നത് അപ്പോൾ ഒരു സോഷ്യലിസ്റ്റ് ആദർശമാണ്. സോഷ്യലിസം വരുന്നതിന് മുമ്പേ തന്നെ പലരും ഈ ആദർശം ഇവിടെ പറഞ്ഞുതുടങ്ങിയിരുന്നു എന്നാണ് മാർക്സ്

സൂചിപ്പിക്കുന്നത്. അപ്പോഴും വികസിപ്പിക്കാതെ വിട്ടു അത്. മാർക്സിന്റെ പ്രൈം കൺസേൺ മുതലാളിത്തത്തെ തകർക്കുക എന്നതായിരുന്നു. എന്നാൽ സ്വകാര്യസ്വത്ത് ഇല്ലാതാകുന്നതോടുകൂടി ഉപഭോഗതൃഷ്ണ കുറയും എന്നുള്ളതായിരുന്നു എന്ന് പറയുകയും അതിന്റെ സൈദ്ധാന്തിക സാധ്യതകൾ ആരായുകയും ചെയ്യേണ്ടതായിരുന്നു. സ്വകാര്യസ്വത്ത് ഇല്ലാതെയാകുമ്പോൾ ലാഭമോഹത്വര ഇല്ലാതാകുന്നു. ലാഭമോഹത്വര ഇല്ലാതാകുമ്പോൾ അമിതോത്പാദനത്തിനുള്ള സാധ്യത ഇല്ലാതാകുന്നു. അപ്പോൾ സ്വാഭാവികമായും പ്രകൃതിചൂഷണം കുറയും. പക്ഷെ ഇങ്ങനെ കാണുന്നതിനു പകരം സ്വന്തം വീക്ഷണത്തെ എതിർദിശയിലേക്ക് കൊണ്ടുപോകുന്നു. നേരത്തെ സൂചിപ്പിച്ചത് പോലെ, സാങ്കേതികവിദ്യയുടെ അനുസ്യൂതമായ വികസനം മനുഷ്യമോചനം കൂടി ആണെന്ന്, ജോലിയിൽ നിന്നുള്ള വിടുതൽ ആണെന്ന് മാർക്സ് തന്നെ വ്യാഖ്യാനിക്കുന്നു.

**സോഷ്യലിസത്തിൽ എന്തിനാണ് ഈ അമിതോൽപ്പാദനവും ചൂഷണവും? വിതരണത്തിൽ മാത്രമല്ലേ മാറ്റം വരുന്നത്?**

വിതരണത്തിൽ മാത്രമല്ല, മുതലാളിത്തരീതിയിലുള്ള അമിതോൽപ്പാദനം സോഷ്യലിസത്തിൽ വരില്ല. ആവശ്യത്തിന് മാത്രമേ ഉൽപ്പാദനം ഉണ്ടാകുന്നുള്ളൂ. ചിലപ്പോൾ ദൗർലഭ്യത്തിന്റെ അവസ്ഥ തന്നെ ഉണ്ടാവുന്നു. ചില മേഖലകിളിൽ ഭരണകൂട താത്പര്യം മൂലം അമിതോൽപ്പാദനം ഉണ്ടാവുന്നു. ചുരുക്കത്തിൽ അതൊരു മാനെജ്മെന്റ് പ്രശ്നമാണ് സോഷ്യലിസത്തിൽ. മുതലാളിത്തത്തിൽ അത് ഡിമാന്റ്-സപ്ലൈ പൊരുത്തക്കേടിന്റെ ഫലമായുണ്ടാവുന്ന പ്രതിസന്ധിയുടെ മൂലകാരണമാണ്. നിങ്ങൾക്ക് ചുവപ്പ്, പച്ച, നീലഷർട്ടുകൾ എത്രപേർക്ക് വേണമെന്ന് അറിയില്ല. അമ്പത് വീതം ഓരോന്നും ഉണ്ടാക്കുന്നു. പച്ചയ്ക്കും നീലയ്ക്കും ആവശ്യക്കാരുണ്ടായിരുന്നില്ല, അല്ലെങ്കിൽ ഉണ്ടായിരുന്നു. ചുവപ്പിന് ആവശ്യക്കാരില്ലാതിരിക്കുകയും ചിലവാകാതിരിക്കുകയും ചെയ്തു എന്നിരിക്കട്ടെ. പ്രകൃതിയിലെ അത്രയും വിഭവങ്ങൾ പാഴായിപ്പോകുന്നു. അത് സോഷ്യലിസത്തിൽ സംഭവിക്കില്ല എന്ന് സൈദ്ധാന്തികമായി പറയാം. ദൗർലഭ്യം ഉണ്ടാകുമ്പോൾ അതിനനുസരിച്ചാണ് ആസൂത്രണം ചെയ്യുന്നത്. പക്ഷെ ഇത് ഒരു സൈദ്ധാന്തിക സാധ്യത മാത്രമാണ്. മനുഷ്യേച്ഛയുടെ ബോധപൂർവ്വമായ ഇടപെടൽ ആവശ്യമുള്ള കാര്യമാണ്. മാർക്സിസത്തിന്റെ ചരിത്രബോധം കൊണ്ട്, ചരിത്രപരമായ വൈരുദ്ധ്യവാദത്തിന്റെ പരിപ്രേക്ഷ്യം കൊണ്ട്, മുൻകൂർ ആയി പരിഹരിക്കാവുന്ന പ്രശ്നമല്ല.

**അങ്ങനെയാകുമ്പോൾ ഉൽപ്പാദന പ്രക്രിയ വികസിപ്പിക്കുക എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?**

സാങ്കേതികവിദ്യ വികസിക്കുക എന്നാൽ മരുന്നുകൾ, ഗതാഗത സൗകര്യങ്ങൾ, കമ്മ്യൂണിക്കേഷൻ സിസ്റ്റം തുടങ്ങിയ പൊതുവായി വേണ്ട ഉപയോഗമൂല്യങ്ങൾ ഉൽപ്പാദിപ്പിക്കുക എന്നതാണ്. ഞാൻ പറയാൻ ആഗ്രഹിക്കുന്ന കാര്യം മാർക്സിസത്തിന്റെ സൈദ്ധാന്തിക സങ്കൽപ്പത്തിനകത്ത് ഈയൊരു കാര്യം അടങ്ങിയിട്ടുണ്ട് എന്നതാണ്. പക്ഷെ അതൊരിക്കലും ആ രീതിയിലല്ല പുറത്തുവന്നിട്ടുള്ളതും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതും. അതായത്, അത് മാർക്സിസത്തിന്റെ വ്യാഖ്യാനത്തിന്റെ മാത്രം പ്രശ്നമല്ല. മാർക്സിസത്തിന്റെ വിശകലനത്തിന്റെ പ്രശ്നവും ഉണ്ട്. പക്ഷെ മാർക്സിസത്തിന് സൈദ്ധാന്തികമായി ഇതിനെ പ്രതിരോധിക്കാനുള്ള ആന്തരികശേഷിയുണ്ട്. സോഷ്യലിസം വന്നുകഴിഞ്ഞാൽ നിങ്ങളുടെ ഉൽപ്പാദനം നിയന്ത്രിക്കപ്പെടുന്നു. ആവശ്യത്തിന് മാത്രമുള്ള ഉൽപ്പാദനമായി അത് പരിമിതപ്പെടുന്നു. നേരത്തെ അതുപോലെ മത്സരത്തിന്റെ പേരിൽ വൈവിധ്യം ഉണ്ടാക്കിയിട്ട്, അതിൽ ഉപഭോഗത്തിനുള്ള ആളുകളെ ആകർഷിച്ചിട്ട് പണമുണ്ടാക്കുന്ന സമ്പ്രദായം നിലനില്ക്കുന്നില്ല. അങ്ങനെ ഉൽപ്പാദനം കുറയുകയും പ്രകൃതിസംരക്ഷണം നടക്കേണ്ടതുമല്ലേ?

**അങ്ങനെയാകുമ്പോൾ മുതലാളിത്തത്തിന്റെ ക്വാളിറ്റേറ്റീവ് എക്സ്പാൻഷൻ ആണോ ക്വാണ്ടിറ്റേറ്റീവ് എക്സ്പാൻഷൻ ആണോ നടക്കുന്നത്?**

ഡേവിസ് ഹാർവി (David Harvey) കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച പുസ്തകത്തിൽ (Marx, Capital, and the Madness of Economic Reason) പറയുന്നുണ്ട്- 'This driving force could derive from public shifts in wants, needs and desires for different use values. While Marx was inclined to see the state of wants, needs and desires as 'rational consumption' as defined by capital, circumstances may arise in which this is not so' എന്ന്. അദ്ദേഹം പക്ഷെ മുതലാളിത്തത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ നൽകുന്നു, 'For example, when a significant segment of apopulation (whether workers or bourgeois does not matter) expresses a desire toachieve a different relation to nature, one in which the environmental degradations, habitat losses and climate changes deriving from actually existingcapitalist practices might be rolled back, then the overall circulation process ofcapital may be pushed down alternative paths. To the degree that these wants,needs and desires are backed by an ability to pay (and here state incentives andsubsidies can clearly make a difference) so environmental protections andrenewable energies may begin to replace fossil fuels.Marx did not consider questions of this sort, but the visualisation hereconstructed, based on his thinking, is easily adapted to take such questions intoaccount'. ഇതാണ് ഞാൻ നേരത്തെ പറഞ്ഞത്- മാർക്സിസത്തെ മറ്റൊരു രീതിയിൽ വ്യാഖ്യാനിക്കാം, അതിനുള്ളിൽ അതിനു സഹായകരമായ ചില സൈദ്ധാന്തിക സാമഗ്രികൾ അടങ്ങിയിട്ടുണ്ട് എന്ന്. സോഷ്യലിസത്തിൽ ഉൽപ്പാദനത്തിന്റെ ലക്ഷ്യം മാറുന്നുണ്ട്. മുതലാളിത്തത്തിന്റെ അടിസ്ഥാനം തന്നെ മൂല്യം ഇങ്ങനെ കൂട്ടിക്കൊണ്ടിരിക്കുക എന്നതാണ്. സോഷ്യലിസത്തിൽ നമ്മുടെ ആവശ്യങ്ങൾക്ക് വേണ്ടി മാത്രമല്ലേ നമ്മൾ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നത്. അത് മറ്റു തരത്തിലുള്ള അമിതോത്പാദനത്തിലേക്ക് നീങ്ങുന്നില്ല. സൈദ്ധാന്തികമായി പ്രകൃതി ചൂഷണം കുറയും. സ്വാഭാവികമായും മത്സരങ്ങളില്ലാത്തതു കൊണ്ട് ലാഭത്തിന് വേണ്ടിയുള്ള വൈവിദ്ധ്യം ഉണ്ടാകില്ല. ഒരു സോപ്പുണ്ടാക്കിയാൽ പിന്നീട് അതിനേക്കാൾ നല്ല സോപ്പ് ഉണ്ടാക്കുകയാണ്. അല്ലാതെ 25 തരം സോപ്പ് ഉണ്ടാക്കി പരസ്യം ചെയ്ത് വിൽപ്പന നടത്തേണ്ട ആവശ്യമില്ല. പിന്നെ എന്താണ് വേണ്ടത്? ഇതിനേക്കാൾ നല്ല സോപ്പ് ഉണ്ടാക്കാൻ പറ്റുമോ എന്നതാണ്. അത് ആര് ചെയ്യണം? ശാസ്ത്രജ്ഞന്മാർ ചെയ്യണം. മുതലാളിത്തം പറയുന്നത് ഇതിനേക്കാൾ വലിയ വിഡ്ഢിത്തം ഇല്ല എന്നാണ്. വല്ലവർക്കും ദേഹം

വൃത്തിയാക്കാൻ വേണ്ടി ഒരു ശാസ്ത്രജ്ഞൻ സോപ്പിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കുമോ? അങ്ങനെ ചെയ്യണമെങ്കിൽ ശാസ്ത്രജ്ഞൻ എന്തെങ്കിലും മെച്ചമുണ്ടാകണം. ഇത് അവർ underestimate ചെയ്തു. ഉൽപ്പാദനശക്തികളുടെ വികാസത്തിൽ വ്യക്തികളുടെ motivation ന് ഉള്ള പങ്ക് മാർക്സും ഏംഗൽസും underestimate ചെയ്തു. സ്വകാര്യ സ്വത്ത് ഇല്ലാതാകുമ്പോൾ തന്നെ ഈ പ്രചോദനം ഇല്ലാതാകും എന്നവർ തിരിച്ചറിഞ്ഞില്ല. അവർ വിചാരിച്ചു നൈതിക പ്രചോദനം (moral incentive) എന്ന ഒരു കാര്യം ഉണ്ടല്ലോ എന്ന്. അതുകൊണ്ട് പുതിയ കണ്ടുപിടുത്തങ്ങൾ നടക്കുമെന്ന് അവർ വിശ്വസിച്ചു. അത് നടക്കാതെ വന്നപ്പോഴാണ് സോവിയറ്റ് യൂണിയനിൽ ശാസ്ത്രജ്ഞർക്കും മറ്റും പ്രത്യേക incentive കൊടുക്കാൻ തുടങ്ങിയതും അവരും ഒരു പ്രത്യേക പ്രിവിലേജ്ഡ് ക്ലാസ് ആയി മാറിയതും. മറ്റൊന്ന് അവർ വിചാരിച്ചത് ലാഭമോഹത്വര ഇല്ലാതാകുന്നതോടുകൂടി സമൂഹത്തിന്റെ moral dimension മാറും എന്നാണ്. അത് സംഭവിക്കാതിരുന്നതും ഇതിന്റെകാരണമായിരുന്നു. ശരിക്കും ഇതിന്റെ സൈദ്ധാന്തിക ഘടനയുടെ പ്രശ്നമല്ല.

**വികസനനയങ്ങൾ കൊണ്ടുവരുന്ന ഇടതുപക്ഷം മാർക്സിസത്തിൽ നിലനിൽക്കുന്ന open ended space നെ ഉപയോഗിക്കുകയാണോ ചെയ്യുന്നത്?**

അവർ open ended space നെ ഉപയോഗിക്കുകയല്ല ചെയ്യുന്നത്. അവർ ഉൽപ്പാദന ശക്തികളുടെ വികാസത്തിന് മാർക്സ് എതിരായിരുന്നില്ല എന്നു മാത്രമേ കാണുന്നുള്ളൂ. അനിച്ഛാപൂർവ്വമായ, വിഷയിയില്ലാത്ത, ഒരു പ്രക്രിയയായി ചരിത്രത്തെ കാണുക എന്ന് പറഞ്ഞാൽ ഏജൻസിയുടെ വിപ്ലവലക്ഷ്യം ഒഴിച്ചുള്ള എല്ലാ സാധ്യതകൾക്കും നേരെ കണ്ണടക്കുക എന്നല്ല അർത്ഥം .

**മാവൂർ റയോൺസിനെ കൊണ്ടുവന്നതിന്റെ ന്യായീകരണമായി ഇ.എം.എസ് ഇതേ ലോജിക് പറഞ്ഞതായി കേട്ടിട്ടുണ്ട്?**

കാര്യങ്ങൾ പലപ്പോഴും ക്രൂഡ് ആയി പറയുന്ന ഒരാളായതിനാൽ അദ്ദേഹം അങ്ങനെ പറഞ്ഞിരിക്കാൻ സാധ്യതയുണ്ട്. സമരകാലത്ത് ഇടതു സർക്കാർ പ്രതിരോധത്തിൽ ആയിരുന്നു. ഒരു രൂപയ്ക്കു ഒരു ടൺ മുള ബിർളക്ക് നൽകാം എന്നോ മറ്റോ ആയിരുന്നു അദ്ദേഹം ഉണ്ടാക്കിയ കരാർ. പ്രകൃതി വിഭവം ഇങ്ങനെ പെരും കൊള്ളക്ക് മുതലാളിത്തത്തിന് വിട്ടുകൊടുക്കുന്നത് മാർക്സിസത്തെക്കുറിച്ചു തന്നെയുള്ള ധാരണയില്ലായ്മയാണ്. മാർക്സിസം വളരെ യാന്ത്രികമായിട്ടാണല്ലോ അദ്ദേഹം മനസ്സിലാക്കിയിരുന്നത്. ഒരിക്കൽ കലാകൗമുദിയിലാണ് എന്ന് തോന്നുന്നു, അദ്ദേഹവുമായി ശാസ്ത്രജ്ഞനും ആണവനിലയത്തെ സാധൂകരിച്ചിരുന്ന വ്യക്തിയുമായ ഡി. ദാമോദരൻ ഒരു സംഭാഷണം നടത്തുന്നുണ്ട്. അതിൽ അദ്ദേഹം വിമാനാപകടത്തിൽ ആളുകൾ മരിക്കുന്നതുകൊണ്ട് വിമാനങ്ങൾ വേണ്ട എന്ന് പറയാറില്ലല്ലോ. അതുപോലെ ആണവനിലയങ്ങൾ അപകടം ഉണ്ടാക്കും, ആളുകൾ മരിക്കും എന്നതുകൊണ്ട് അത് വേണ്ട എന്ന് പറയുന്നതിൽ കാര്യമില്ല എന്ന് പറയുന്നുണ്ട്. അദ്ദേഹം തന്റെ യുക്തിയിലേക്ക് എതിർവാദങ്ങളെ ചുരുക്കുന്നു. ആ വൈക്കോൽ മാതൃകകളോടാണ് അദ്ദേഹം യുദ്ധം ചെയ്യുന്നത്. യഥാർത്ഥ വാദങ്ങളോടല്ല. ഇ.എം.എസ്സിന്റെ ആശയങ്ങൾ ഇന്നൊരു ഭൗതികശക്തിയല്ല. അദ്ദേഹത്തെ വിടാം. നമ്മുടെ കേന്ദ്രപ്രശ്നത്തിലേക്ക് മടങ്ങിവരാം. യഥാർത്ഥത്തിൽ ഇത് ആശയത്തിന്റെ ഉള്ളിൽ തന്നെ open ended ആയിരുന്നു എന്നാണ്. ഞാൻ പറയുന്നത് പ്രകൃതിവിഭവങ്ങളുടെ ചൂഷണത്തെക്കുറിച്ചുള്ള നിലപാട് എന്തായിരിക്കണം എന്നതാണ്. അത് രണ്ട് വഴിക്കുമാകാം. ഒന്ന് സ്വാഭാവികമായിത്തന്നെ മാർക്സിസത്തിന്റെ സങ്കൽപ്പമനുസരിച്ച് സോഷ്യലിസം വരുമ്പോൾ പ്രകൃതിവിഭവങ്ങളുടെ ചൂഷണം കുറയും. കാരണം ആഡംബര ഉപഭോഗങ്ങളും മുതലാളിത്ത രീതിയിലുള്ള അമിതോൽപാദനവും സോഷ്യലിസത്തിൽ ഇല്ല. ആഡംബര ജീവിതവും അമിതോൽപാദനവും ഇല്ലാത്ത ഒരുസമൂഹമാണല്ലോ നമുക്ക് വേണ്ടത്. അതാണ് സോഷ്യലിസം നമുക്ക് തരാം എന്ന് പറയേണ്ടിയിരുന്നത്. സംഭവിച്ചത് എന്താണ് എന്നുവച്ചാൽ പ്രകൃതിയെ ചൂഷണം ചെയ്യുന്ന രീതികൾ, ഉൽപ്പാദനസാമഗ്രികൾ ഉപയോഗിച്ച് ചെയ്യുന്ന കാര്യങ്ങൾ വ്യത്യാസമില്ലാതിരിക്കുകയും മറ്റ് ഉൽപ്പാദന ശക്തികളുടെ വികാസത്തിനുവേണ്ടി പ്രകൃതി വിഭവങ്ങൾ അമിതമായി ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്നു എന്നതാണ്. ഇതിനോടുള്ള പരിസ്ഥിതി സോഷ്യലിസ്റ്റ് സമീപനം വികസിച്ചു വന്നതേയില്ല. ഒരു theoretical concept നമ്മൾ കാണുന്നത് ഒരു അടഞ്ഞ വ്യവസ്ഥയായിട്ടല്ല. അത് തുറന്ന വ്യവസ്ഥയാണെന്ന് കാണുകയും അതിനകത്ത് ഇങ്ങനെയൊരു സാധ്യതയുണ്ടെന്ന് കണ്ടെത്തുകയും ചെയ്തുകഴിഞ്ഞാൽ അതിനെക്കുറിച്ച് കൂടുതൽ ചിന്തിക്കാൻ നമുക്ക് ബാധ്യതയുണ്ട്. ഒരു ഉൽപ്പാദനരീതിയിൽ പ്രകൃതി ചൂഷണത്തിന്റെയും അധ്വാന ചൂഷണത്തിന്റെയും അംശങ്ങൾ അടങ്ങിയിട്ടുണ്ട്. അപ്പോൾ ഒന്നിന്റെ ചൂഷണം അവസാനിക്കുകയും മറ്റേതിന്റെ ചൂഷണം നിലനിൽക്കുകയും ചെയ്യുക എന്ന് പറയുന്നത് ഒന്നിച്ച് പോകുന്ന ഒരുകാര്യമല്ല എന്ന രീതിയിലേക്ക് മാർക്സിസത്തിന്റെ സാധ്യതകളെ നാം തുറന്നിടണം. അപ്പോഴാണ് നമുക്ക് ഇതിനകത്ത് ഒരു ഉത്തരം കിട്ടുന്നത്. സോഷ്യലിസത്തിലെ രീതി ഇതാണെങ്കിൽ മുതലാളിത്തത്തിൽ നമ്മൾ എന്ത് നിലപാടെടുക്കണം എന്നത് ഇതിൽ ഉരുത്തിരിഞ്ഞുവരുന്നുണ്ട്.

മനുഷ്യാവകാശങ്ങളോടും മറ്റ് കാര്യങ്ങളോടും സോഷ്യലിസത്തിൽ നമ്മൾ എങ്ങനെയാണോ പെരുമാറുന്നത്, അങ്ങനെ പെരുമാറാൻ മുതലാളിത്തത്തെ നിർബന്ധിക്കുന്നതാവണമല്ലോ നമ്മുടെ ഇടപെടലുകൾ. രാഷ്ട്രീയമായി സോഷ്യലിസത്തിന്റെ ഇടപെടൽ എന്താണ്? മനുഷ്യന്റെ ഡിഗ്നിറ്റി എങ്ങനെയാണ്? ആ ഡിഗ്നിറ്റി കുറേയെങ്കിലും കിട്ടാനുള്ള പരിശ്രമമാണല്ലോ നമ്മൾ നടത്തുന്നത്. അങ്ങനെ നമ്മൾ അധികാരത്തിൽ വന്നാൽ ഇങ്ങനെയായിരിക്കും എന്ന് പറയാൻ കഴിയും. ആശയ തലത്തിൽ സോഷ്യലിസം ഒരു മെറ്റീരിയൽ ഫോഴ്സ് ആകും. അല്ലെങ്കിൽ ആരും അറിയുന്നില്ലല്ലോ. സോഷ്യലിസ്റ്റാണ്, തൽക്കാലം മിണ്ടുന്നില്ല എന്ന നിലപാടെടുക്കാൻ കഴിയില്ലല്ലോ. ഏജൻസി എന്ന് പറയുന്നത് അതാണ്. ഏജൻസി നമുക്കുണ്ട്. ആഏജൻസി പ്രകൃതിയുടെ കാര്യത്തിലേക്കും വരണം. അതാണ് ആന്ദ്രെഗോർസിനെ പോലെയുള്ളവർ മുന്നോട്ടുവച്ചത്. ലേബർ ടൈം കുറയ്ക്കണം. അതുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങളുണ്ട്. ഒരു സമഗ്രമായ സൈദ്ധാന്തിക വ്യവസ്ഥയ്ക്കുള്ളിൽ ഇതുവരെ തുറന്നുകാണി

ക്കപ്പെടാത്ത സാധ്യത അടഞ്ഞുകിടക്കുന്നുണ്ടെങ്കിൽ അത്തരം സാധ്യതകൾ തുറന്നുകാണിക്കാനുള്ള ശ്രമങ്ങൾ നമ്മൾ നടത്തണം. ആ രീതിയിലാണ് മാർക്സിസം അർത്ഥവത്താകുന്നത്. ഇവിടെ നമ്മൾ അത് കണ്ടെത്തുന്നത് കേവലമായ അർത്ഥത്തിൽ മാർക്സിസത്തിന് ജയ് വിളിക്കാനോ മാവോയിസ്റ്റുകൾ അടക്കം ഏതെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ജയ് വിളിക്കാനോ അല്ല. വിശകലനപരമായ, നമ്മുടെ സമകാലിക ലോകത്തെ വ്യഖ്യാനിക്കാൻ സഹായിക്കുന്ന, ഒരു പരിപ്രേക്ഷ്യം നമ്മുടെ മുന്നിലിരിക്കുന്നു. ഈ പരിപ്രേക്ഷ്യം ഉപയോഗിച്ച് നമ്മൾ വിശകലനം ചെയ്യാൻ ഒരുങ്ങുമ്പോൾ അതിന്റെ ഏതെല്ലാം ഘടകങ്ങൾ വിശകലനത്തിന് ഉപയോഗിക്കണം എന്ന് തീരുമാനിക്കുന്നതിനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. ആ സ്വാതന്ത്ര്യം ഉപയോഗിച്ച് നമ്മൾ പഠിക്കുമ്പോൾ നാം കണ്ടെത്തുന്നത് അധ്വാനവും പ്രകൃതിയും ചൂഷണം ചെയ്യപ്പെടുന്നു എന്നതാണ്. മനുഷ്യാധ്വാനം ചൂഷണം ചെയ്യുന്നത് ഇല്ലാതാക്കാൻ പറ്റുന്ന സോഷ്യലിസത്തിനകത്ത് പ്രകൃതിചൂഷണം ഇല്ലാതാക്കാനുമുള്ള സാധ്യതയുമുണ്ട് എന്നാണ് ഞാൻ പറയുന്നത്. അത് അംഗീകരിക്കാൻ കഴിയാത്ത ഒരു മാർക്സിസം കൊണ്ട് നമുക്ക് കാര്യമില്ല.

**മനുഷ്യാധ്വാനം ചൂഷണം ചെയ്തിരുന്ന കാലത്ത് അതിനെതിരെ ഉയർന്നുവന്ന ഒരു പ്രത്യയശാസ്ത്രം ആയതുകൊണ്ടല്ലേ മാർക്സിസം പരിമിതികളെ നേരിടുന്നത്?**

നേരത്തെ സൂചിപ്പിച്ചതിൽ ഒരു പ്രധാന കാര്യം പറയാൻ വിട്ടുപോയത് അധ്വാനം എല്ലാകാലത്തും മറ്റുള്ളവർക്ക് വേണ്ടി ആയിരുന്നില്ല എന്നതാണ്. Hunter gatherer സൊസൈറ്റിയിൽ നമുക്ക് തിന്നാനുള്ളത് നാം അധ്വാനിച്ച് ഉണ്ടാക്കുന്നു. ഇതിനകത്ത് സാങ്കേതികതയല്ല, സാമൂഹിക ബന്ധമാണ് പ്രശ്നം. നിങ്ങൾ ഒറ്റയ്ക്ക് ഒരു പാടത്ത് വിതച്ച്, കൊയ്ത്, കഴിച്ചാൽ നിങ്ങൾ തൊഴിലാളിയല്ല, മുതലാളിയുമല്ല. റോബിൻസൺ ക്രൂസോ (‘Robinson Crusoe’, Daniel Defoe, 1719). ബൂർഷ്വാ ധനശാസ്ത്രത്തിന്റെ പ്രിയപ്പെട്ട ബിംബമാണ്. അവരുടെ കേവലമായ അമൂർത്തവൽക്കരണങ്ങൾക്ക് അനുയോജ്യമായ trope ആണ് റോബിൻസൺ ക്രൂസോ. അവരുടെ സമീപനത്തിൽ വ്യക്തിവാദമാണുള്ളത് (individualism). നിങ്ങൾ സാമൂഹികമായി ഉൽപ്പാദിപ്പിക്കുമ്പോൾ അങ്ങനെയല്ല. ആ വ്യത്യാസം ഉണ്ടായത് ചരിത്രത്തിൽ പിന്നീടാണ്. ആദ്യകാലത്ത് മനുഷ്യൻ മനസ്സിലാക്കിയത് പ്രകൃതി വിഭവങ്ങൾക്ക് യാതൊരു ദൗർലഭ്യവും ഇല്ല എന്നാണ്. അധ്വാനത്തിനാണ് പ്രശ്നമുള്ളത്. അധ്വാനം കിട്ടിയാൽ നമുക്ക് എന്തും ചെയ്യാം. പണ്ടൊക്കെ കാടുവെട്ടുമ്പോൾ ആരും ഒന്നും പറയില്ലല്ലോ. തടി വെട്ടിവിറ്റ് കാശാക്കിയാൽ അത് നിങ്ങൾ അധ്വാനിച്ചുണ്ടാക്കിയതാണ്. മുതലാളിത്തം സ്വകാര്യസ്വത്ത് ശക്തമായി കൊണ്ടുവരുന്നതിന്റെ പ്രധാനകാര്യം സ്വകാര്യസ്വത്ത് ഉണ്ടെങ്കിലേ വിപണി ഒരു പ്രത്യയശാസ്ത്രം കൂടിയായി നിലനിൽക്കുകയുള്ളൂ. വായുവിനും വെള്ളത്തിനുമൊക്കെ വിപണി വേണമെന്നാണ് പറയുന്നത്. പൊതുസ്വത്താണെങ്കിൽ വിപണിയില്ല. ‘ട്രാജഡി ഓഫ് ദ കോമൺസ്’ (tragedy of the commons) എന്നൊരു സിദ്ധാന്തമുണ്ട്. പൊതുസ്വത്തുക്കൾ ഞാൻ ഉപയോഗിച്ചില്ലെങ്കിൽ നിങ്ങൾ ഉപയോഗിക്കും എന്ന കാരണത്താൽ ഞാൻ കൂടുതൽ ഉപയോഗിക്കാൻ തുടങ്ങുന്നു. നിങ്ങളും അതെ യുക്തിയിൽ വിശ്വസിക്കുന്നു. നാം ഇരുകൂട്ടരും വാശിയോടെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നു. അങ്ങനെ പ്രകൃതി നശിക്കുന്നു. അതേസമയം അത് നമ്മുടെ ഒരാളുടെ സ്വകാര്യസ്വത്താണെങ്കിൽ ഉപയോഗിക്കുന്ന മറ്റുള്ളവർക്ക് വില നൽകേണ്ടി വരുന്നു. അങ്ങനെ അനാവശ്യ ഉപയോഗം കുറയുന്നു. പൊതുസ്വത്തിൽ ആർക്കും ഉത്തരവാദിത്തമില്ല, സ്വകാര്യസ്വത്തിൽ അതുണ്ട്. ഇതാണ് ഈ നിയോലിബറൽ കാലഘട്ടത്തിൽ സർവ്വമാന ഉപയോഗമൂല്യങ്ങളെയും വിനിമയമൂല്യങ്ങളായി മാറ്റുന്നതിനുള്ള നീതിമത്കരണം. മുതലാളിത്തം ലാഭത്തിനു വേണ്ടി എന്തും ചെയ്യും. അത് മുതലാളിത്തത്തിന്റെ പ്രവണത എന്നതിനേക്കാൾ സ്വകാര്യസ്വത്തിന്റെ ഉടമയുടെ അവകാശത്തിൽ നിന്നാണ് വരുന്നത് എന്നാണ് മാർക്സ് പറഞ്ഞത്. ഉൽപ്പാദനം സാമൂഹ്യമായിരിക്കുകയും ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥത സ്വകാര്യമായിരിക്കുകയും ചെയ്യുന്നതാണ് വൈരുദ്ധ്യം. ഈ വൈരുദ്ധ്യമാണ് ഇല്ലായ്മ ചെയ്യേണ്ടത്. അതിനുള്ള മാർഗ്ഗമെന്താണ്? ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥതയും പൊതുവിലാകണം. അങ്ങനെയെങ്കിൽ ഈ പ്രശ്നം പരിഹരിക്കപ്പെടും എന്നാണ് പറഞ്ഞത്.

**നമ്മൾ ഇപ്പോൾ ചെയ്യുന്നത് പത്തൊൻപതാം നൂറ്റാണ്ടിൽ ലോകത്തെ മനസ്സിലാക്കാൻ ശ്രമിച്ച ചിന്തകന്റെ സാധ്യതകളെ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പ്രയോജനപ്പെടുത്താനാണ്. അതിന്റെ ശരി-തെറ്റുകൾ ഈ പശ്ചാത്തലത്തിൽ അല്ലെ പരിശോധിക്കേണ്ടത്?**

പ്രകൃതിയുടെ ചൂഷണത്തെ വിശകലനം ചെയ്യാനുള്ള ഉപാധി മാർക്സ് തരുന്നുണ്ട്. ആ അനലറ്റിക്കൽ ടൂൾ എന്ന് പറയുന്നത് ഉൽപ്പാപദന രീതിയുടേതാണ്. അതിനകത്ത് ഉൽപ്പാദന ബന്ധങ്ങളുമുണ്ട്, ഉൽപ്പാപദന ശക്തികളുമുണ്ട്. ഉൽപ്പാതദന ശക്തികൾ നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ, വികസനം സ്ഥൂലമായ ഒരു ക്വാണ്ടിറ്റേറ്റീവ് വികസനമാണെന്ന് ധരിച്ചുപോകുമ്പോൾ നമുക്കാണ് തെറ്റുന്നത്. അദ്ദേഹത്തിനല്ല. മറിച്ച് ഉപഭോഗം കുറച്ചിട്ട്, അധ്വാനശക്തി കുറയ്ക്കുന്ന പോലെതന്നെ എങ്ങനെ പ്രകൃതിവിഭവങ്ങളുടെ ചൂഷണം കുറയ്ക്കാം എന്ന് അന്വേഷിക്കുന്നത് ഗുണപരമായ ഉൽപ്പാദനശക്തികളുടെ വികാസം തന്നെയാണ്. ആ രീതിയിൽ അത് വികസിപ്പിച്ചാൽ മാർക്സിസ്റ്റ് പരിസ്ഥിതി രാഷ്ട്രീയമാവും. കേരളത്തിൽ പരിസ്ഥിതി പ്രസ്ഥാനം വികസിപ്പിക്കേണ്ട മാർക്സിസത്തിന്റെ ഈ ഒരു ഓപ്പൺ എൻഡഡ്നെസ് എന്തുകൊണ്ട് വിസ്മരിക്കപ്പെടുന്നു എന്നുള്ളതാണ്. അത് കൂട്ടിച്ചേർക്കുക എന്നുള്ളതും ആ തരത്തിൽ മുന്നോട്ടുവയ്ക്കുക എന്നുള്ളതും തന്ത്രപരമായിത്തന്നെ പരിസ്ഥിതി മൂവ്മെന്റിനെ സംബന്ധിച്ച് കേരളത്തിൽ പ്രധാനപ്പെട്ടതാണ് എന്നാണ്ഞാൻ പറയുന്നത്. ഇത് പറയാനുള്ള കാരണം, മാർക്സിസത്തിന്റെ സൈദ്ധാന്തിക ചട്ടക്കൂട് ഈ ഡിജിറ്റൽ മുതലാളിത്തത്തിന്റെ കാലത്തും സജീവവും സക്രിയവുമായ ചില വിശകലന സാധ്യതകൾ നൽകുന്നു എന്നതുകൊണ്ട് കൂടിയാണ്. കേരളത്തിൽ സിപിഎം ഒരു ശക്തിയാണ് ഇപ്പോഴും എന്നതുകൊണ്ട് മാത്രമല്ല. സിപിഎം എന്നും ഉണ്ടാവണം എന്നില്ല. ത്രിപുരയിലും ബംഗാളിലും പ്രമുഖ ശക്തിയല്ലാതായത് നാം കാണുന്നുണ്ടല്ലോ. മാവോയിസ്റ്റ് സമീപനമുള്ള സായുധഗ്രൂപ്പുകൾ മുതൽ ലിബറൽ ജനാധിപത്യത്തിൽ പങ്കെടുക്കുന്ന കമ്യൂണിസ്റ്റ് പാർട്ടികൾ വരെ

യുണ്ട്. ഇവരിൽ ചിലർ എൺപതുകൾ മുതൽ പരിസ്ഥിതി പ്രശ്നങ്ങളിൽ ഇടപെടുന്നുണ്ട്. ഇവരോടോക്കെയുള്ള സംവാദം എന്ന നിലക്ക് മാത്രമല്ലാതെയും ഈ പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടതുണ്ട്, അവതരിപ്പിക്കപ്പെടേണ്ടതുണ്ട്.

**മുതലാളിത്തത്തിന്റെ വിമർശകനായിരിക്കുന്ന മാർക്സ് സ്വഭാവാവികമായും അതുണ്ടാക്കുന്ന അമിതോൽപ്പാദനത്തിന്റെയുംവിമർശകനാകേണ്ടതല്ലേ?**

സ്വാഭാവികമായിട്ട് ആകുന്നില്ല. എങ്ങനെയാണ് വിമർശനം വയ്ക്കുന്നത് എന്നതാണ്. മുതലാളിത്തത്തിനെതിരെയുള്ള മാർക്സിസത്തിന്റെ വിമർശനം എന്താണ് എന്നതാണ് പ്രധാനം. അത് വിഭവ ചൂഷണത്തെക്കുറിച്ചുള്ള വിമർശനമല്ല. മറിച്ച് അധ്വാനത്തെ ചൂഷണം ചെയ്യുകയും അധ്വാനത്തിൽ നിന്ന് മൂല്യം ഉൽപ്പാദിപ്പിക്കുകയും ആ മൂല്യം കൊണ്ട് അമിതമായിലാഭമുണ്ടാക്കുകയും ചെയ്യുന്നതിനെയാണ് മാർക്സ് വിമർശിച്ചത്. ആന്റണി ഗിഡൻസ് (Anthony Giddens) A Contemporary Critique of Historical Materialism എന്ന കൃതിയിൽ ഇക്കാര്യം പറയുന്നുണ്ട്-പ്രകൃതിയോടു മാർക്സ് സ്വീകരിച്ചത് ഒരു പ്രോമിത്യൻ സമീപനം ആയിരുന്നു എന്ന്. മാർക്സിന്റെ ചൂഷണാധിഷ്ഠിതമായ സാമൂഹിക ബന്ധങ്ങളെക്കുറിച്ചുള്ള വർഗ്ഗവിശകലനം പ്രകൃതി ചൂഷണത്തിന്റെ തലത്തിലേക്ക് അദ്ദേഹം വ്യാപിപ്പിച്ചില്ല എന്ന് ഗിഡൻസ് വിശദീകരിക്കുന്നു. പക്ഷെ ഇവിടെ ശ്രദ്ധിക്കാനുള്ളത് മൂലധനം എഴുതിയതിനു ശേഷവും പരിസ്ഥിതിയും സോഷ്യലിസവുമായുള്ള ബന്ധത്തെക്കുറിച്ച് മാർക്സ് ചിന്തിച്ചുകൊണ്ടിരുന്നു എന്നതാണ്. നേരത്തെ സൂചിപ്പിച്ച കാൾ ഫ്രാസിന്റെ പുസ്തകത്തെക്കുറിച്ച് മാർക്സ് ഏംഗൽസിന് എഴുതിയ കത്ത് ഒരു ഉദാഹരണം മാത്രമാണ്.

**പക്ഷെ അപ്പോഴും എംഗൽസ് പ്രകൃതി ചൂഷണത്തെക്കുറിച്ച് കൂടുതൽ എന്തെങ്കിലും പറയുന്നുണ്ടോ?**

'പ്രകൃതിയുടെ വൈരുദ്ധ്യാത്മകത' എന്ന പുസ്തകത്തിൽ പ്രകൃതിയിലുണ്ടായ പല വലിയ മാറ്റങ്ങളും മനുഷ്യന്റെ ഇടപെടൽ കൊണ്ടാണ് എന്ന് പറയുന്നുണ്ട്. അത് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്. അത് പക്ഷെ ഏകീകരിച്ച മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ ഉള്ളിലല്ല. മറിച്ച് എമ്പിരിക്കൽ ഒബ്സർവേഷൻ എന്ന നിലയിൽ മാറിക്കിടക്കുകയാണ്. ചില പീഠഭൂമികൾ തന്നെ നശിച്ചുപോയിട്ടുണ്ട്. ചിലത് മരുഭൂമികളായിട്ടുണ്ട്. മാർക്സിസത്തിലെ പ്രകൃതിയോടുള്ള സമീപനത്തെക്കുറിച്ചുള്ള പല മാർക്സിസ്റ്റ് പഠനങ്ങളും 'പ്രകൃതിയുടെ വൈരുദ്ധ്യാത്മകത' എന്ന പുസ്തകത്തിൽ നിന്നും ധാരാളമായി ഉദ്ധരിച്ചു കാണാറുണ്ട്. ഏംഗൽസ് പ്രകൃതി ചൂഷണം എന്ന അർത്ഥത്തിൽ യഥാർത്ഥത്തിൽ ഒന്നും പറയുന്നില്ല. പക്ഷെ അന്ന് പ്രചാരത്തിൽ ഉണ്ടായിരുന്ന ശാസ്ത്രത്തിന്റെ ഉദ്ഘോഷണങ്ങളെ, പ്രകൃതിയുടെമേലുള്ള മനുഷ്യന്റെ വെട്ടിപ്പിടിക്കലുകളെ, യാതൊരു പ്രത്യാഘാതങ്ങളും ഇല്ലാത്ത പ്രവർത്തനമായി കാണുന്നതിനെതിരെ ഏംഗൽസ് മുന്നറിയിപ്പ് നൽകുന്നുണ്ട്. 'Let us not, however, flatter ourselves overmuch on account of our human conquest over nature. For each such conquest takes its revenge on us. Each of them, it is true, has in the first place the consequences on which we counted, but in the second and third places it has quite different, unforeseen effects which only too often cancel out the first'. എന്നാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇവിടെ പ്രസക്തമായ ഒരു സത്യം സ്വയം മനസ്സിലാക്കുകയും പക്ഷെ അത് സ്വന്തം രാഷ്ട്രീയ സമ്പദ്ശാസ്ത്ര വിശകലനത്തിലേക്ക് സൈദ്ധാന്തികമായി ചേർക്കാതിരിക്കുകയും ചെയ്യുക എന്ന പാളിച്ച സംഭവിക്കുന്നുണ്ട്. മന്ത്‌ലി റിവ്യൂവിൽ The Return of Engels എന്ന കുറിപ്പ് എഴുതിയ ബെല്ലാമി ഫോസ്റ്റർ (John Bellamy Foster) ഏംഗൽസിന് കൈവരുന്ന പുതിയ പ്രാധാന്യത്തെക്കുറിച്ച് പറയുന്നുണ്ട്. എന്നാൽ ഇത് കേവലം കുറച്ചു ഉദ്ധരണികളുടെ പ്രശ്നമല്ല. എപ്പിസ്റ്റമോളജിക്കൽ പ്രശ്നമാണ് എന്നാണു ഞാൻ പറയാൻ ശ്രമിക്കുന്നത്.

**മാർക്സ് അതിന് വേണ്ടത്ര ഗൗരവം കൊടുക്കാതെ പോയതാണോ?**

ഉൽപ്പാദന ബന്ധങ്ങളുമായി ചേർന്നുകൊണ്ടല്ല അതൊന്നും വിവരിച്ചിരിക്കുന്നത്. സാമൂഹിക ജീവിതത്തിലേക്ക് മനുഷ്യർ മാറിയതിന്റെ ഭാഗമായി കൃഷി തുടങ്ങുകയും, കൃഷി തുടങ്ങിയപ്പോൾ മനുഷ്യന് പ്രകൃതിയെ ചൂഷണപരമായി സ്വീകരിക്കേണ്ടി വരികയും ചെയ്തു എന്ന തരത്തിലാണ് അത് പറഞ്ഞിരിക്കുന്നത്. പ്രകൃതിയുടെ മേലുള്ള ആക്രമണങ്ങൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ഉയർത്താൻ ശ്രമിച്ച ചിന്തകരെ മാർക്സ് അംഗീകരിക്കുന്നുണ്ട്. അത് വളരെ പ്രധാനപ്പെട്ടതും ഒരു മാർഗ്ഗദർശനവുമാണ്. പക്ഷെ അതല്ല കാതലായ കാര്യം. ആ നിഗമനങ്ങൾ സ്വന്തം ജ്ഞാനവ്യവസ്ഥയുടെ സൈദ്ധാന്തിക സംവിധാനത്തിലേക്ക് പ്രവേശിപ്പിക്കുന്നുണ്ടോ എന്നതാണ്. അത്തരത്തിലുള്ള ശ്രമങ്ങൾ മാർക്സിൽ തികച്ചും അപ്രത്യക്ഷമാണ്. പക്ഷെ ഈ പ്രശ്നങ്ങൾ മാർക്സ് ഉന്നയിക്കുന്നത് സ്വന്തം സമീപനത്തിലെ ചില മർമ്മസ്പർശിയായ സന്ദർഭങ്ങളിൽ ആണ്. അവിടെ നിന്നുമാണ് ആ ചർച്ച വികസിപ്പിക്കേണ്ടത്.

സൈദ്ധാന്തികമായിത്തന്നെ മാർക്സിസത്തിനകത്ത് സാധ്യതകളും പരിമിതികളും ഉണ്ട്. നിർഭാഗ്യവശാൽ ചില സാധ്യതകൾ ചർച്ച ചെയ്യപ്പെട്ടില്ല. വിമർശിക്കുന്നവരും അത് കാണുന്നില്ല. ആ സാധ്യതകൾ കണ്ടെടുക്കുക എന്നത് മാർക്സിസവുമായി ബന്ധപ്പെട്ട ചർച്ചകളിൽ പരിസ്ഥിതി പ്രവർത്തകർക്ക് പ്രധാനമാണ്. പരിസ്ഥിതി പ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഈ വശം ചൂണ്ടിക്കാണിക്കാനുള്ള ബാധ്യതയുണ്ട്. സി.പി.എമ്മോ മറ്റു മാർക്സിസ്റ്റ്-ലെനിനിസ്റ്റ്-മാവോയിസ്റ്റ് പാർട്ടികളോ അതൊന്നും അംഗീകരിച്ചില്ലെങ്കിലും. ഇന്ന് നാം പറയുന്ന തരത്തിലുള്ള എൺവിയോൺമെന്റൽ അവബോധം മാർക്സിസത്തിൽ, അതിന്റെ നിലവിലുള്ള സൈദ്ധാന്തിക ഘടനയിൽ ഇല്ല. പക്ഷെ ആഴത്തിലുള്ള എൺവിയോൺമെന്റൽ ജസ്റ്റിസ് എന്നൊരു സങ്കൽപ്പം മാർക്സിസത്തിൽ ഉണ്ട് എന്നാണ് ഞാൻ പറയുന്നത്. അത് വീണ്ടെടുക്കുക. സൈദ്ധാന്തികമായും പ്രായോഗികമായും, സോഷ്യലിസ്റ്റ് രാഷ്ട്രീയവുമായി, സോഷ്യലിസ്റ്റ് സമ്പദ്ശാസ്ത്രവുമായി, കൂട്ടിച്ചേർക്കുക എന്നത് പ്രധാനമാണ്. ഇതിനു കാരണം മുതലാളിത്തവിമർശനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സൈദ്ധാന്തിക ടൂളുകൾ മാർക്സിസത്തിലാണ് ഉള്ളത് എന്നതാണ്. അല്ലാതെ ലോകത്ത് ഇപ്പോഴും കമ്യൂണിസ്റ്റ് പാർട്ടികൾ ഉണ്ടോ, അവ എന്ത് പറയുന്നു എന്നതല്ല.

**വ്യാവസായിക ഉൽപ്പാദനത്തിന്റെ മാതൃക തന്നെ മാസ് പ്രൊഡക്ഷൻ ആണ്. ടെക്നോളജി ഉപയോഗിച്ചുള്ള സെൻട്രലൈസ്ഡ് പ്രൊഡക്ഷൻ. അങ്ങനെയൊരു ഘടന തൊഴിലാളികളുടെ കൈയിലേക്ക് വരണമെന്നല്ലേ മാർക്സ് പറഞ്ഞത്?**

അങ്ങനെ വരണമെന്നല്ല മാർക്സ് പറഞ്ഞത്. ടെക്നോളജിക്കൽ ഇന്റർവെൻഷൻസ് വളരെ പ്രധാനപ്പെട്ടതാണെന്ന് മാർക്സ് മനസ്സിലാക്കുന്നുണ്ട്. കാപ്പിറ്റലിസം അതുപയോഗിക്കുന്നത് അതിന്റെ പ്രതിസന്ധികൾ മറികടക്കാനാണ്. അവർക്ക് ലാഭം കുറയും. ലാഭത്തിന് അങ്ങനെയൊരു മാത്തമാറ്റിക്കൽ ഇക്വേഷൻ ഉണ്ട്. ലാഭനിരക്കിന്റെ പ്രവണത നിരന്തരമായി കുറയുക എന്നതാണ്. നേരത്തെ ആദം സ്മിത്തിന്റെ വിശകലനത്തെക്കുറിച്ചു ഞാൻ പറഞ്ഞിരുന്നല്ലോ. ഗുണ്ട്രെസ്സിലും മൂലധനത്തിന്റെ മൂന്നാം വോള്യത്തിലും ഇക്കാര്യം ആഴത്തിൽ ചർച്ച ചെയ്യുന്നുണ്ട്. ലാഭംകൂട്ടണമെങ്കിൽ കൂടുതൽ മിച്ചമൂല്യം ഉൽപ്പാദിപ്പിക്കണം. അതിന് തൊഴിലാളി വർഗ്ഗം കൂടുതൽ സമയം ജോലിചെയ്യാൻ പറയണം. അല്ലെങ്കിൽ 10 മണിക്കൂർ ജോലി ചെയ്യുന്ന തൊഴിലാളി 10 മണിക്കൂർ കൊണ്ട് 10 സാധനങ്ങൾ ഉണ്ടാക്കുമെങ്കിൽ പുതിയ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് ആ തൊഴിലാളിയെക്കൊണ്ട് 10 മണിക്കൂർ കൊണ്ട് 15 സാധനങ്ങൾ ഉൽപ്പാദിപ്പിച്ചാലും മതി. കൂലി 10 മണിക്കൂറിന് ഉള്ളത് കൊടുത്താൽ മതി. പക്ഷെ 10 സാധനങ്ങൾക്ക് പകരം 15 സാധനങ്ങൾ കിട്ടുന്നു. മാർക്സ് പറയുന്നത് ടെക്നോളജിക്കൽ ഇന്റർവെൻഷൻ മുതലാളിത്തത്തിൽ എപ്പോഴും profit driven and profit induced ആണ് എന്നാണ്. അല്ലാതെ സ്വാഭാവികമായും മനുഷ്യവികാസത്തിന് വേണ്ടിയുള്ളതല്ല. മിച്ചമൂല്യം കൂടുതൽ കൂടുതൽ ചൂഷണം ചെയ്യുക. അതുകൊണ്ടാണ് ഡിജിറ്റൽ യുഗത്തിലും മാർക്സിനെ പൂർണ്ണമായും ഉപേക്ഷിക്കാതിരിക്കാൻ കാരണം. സിസ്റ്റത്തിന്റെ ടെർമിനോളജിക്കുള്ളിൽ നിന്നുകൊണ്ട് നോക്കുമ്പോൾ ആപേക്ഷിക മിച്ചമൂല്യം വർദ്ധിപ്പിക്കാനുള്ളത് മാത്രമാണ് ഈ ടെക്നോളജിക്കൽ ഇന്റർവെൻഷൻ എന്ന് മനസ്സിലാക്കിക്കഴിഞ്ഞാൽ മാർക്സിന് അന്യമല്ല ഈ ഡിജിറ്റൽ കാപ്പിറ്റലിസത്തിന്റെ വിശകലനവും. ഡിജിറ്റൽ കാപ്പിറ്റലിസത്തിൽ ലേബർ ഇല്ലാതാവുകയല്ല ചെയ്യുന്നത്. ലേബർ ഇല്ലാതാകുന്നു എന്ന പ്രതീതി സൃഷ്ടിച്ചുകൊണ്ട് ഒറ്റ ഒരാളെക്കൊണ്ട് ആയിരം പേരുടെ ജോലി ചെയ്യിക്കാൻ കഴിയുന്ന സാങ്കേതികവിദ്യ ഉണ്ടാക്കുകയാണ്. ടെക്നോളജിയെ കാപ്പിറ്റലിസം കാണുന്നത് ആപേക്ഷിക മിച്ചമൂല്യം ഉൽപ്പാദിപ്പിക്കാനുള്ള ഉപാധിയായാണ്. ആദ്യകാല രചനകളിൽ പോലും ഈ ഉൾക്കാഴ്ച മാർക്സിനുണ്ടായിരുന്നു. മൂലധനത്തിൽ ഇതിനെ മാർക്സ് നാടകീയവൽക്കരിക്കുന്നുണ്ട്- 'Accumulate, accumulate! That is Moses and the prophets! ... Therefore, save, save, i.e., reconvert the greatest possible portion of surplus-value, or surplus-product into capital! Accumulation for accumulation's sake, production for production's sake: by this formula classical economy expressed the historical mission of the bourgeoisie and did not for a single instant deceive itself over the birth-throes of wealth'.

> പക്ഷെ ഒരു ഇടതുപക്ഷ സർക്കാർ വരുമ്പോൾ എന്താണ് ചെയ്യുന്നത്? ഉപഭോഗരീതി മാറ്റാൻ പറയാൻ അവർ തയ്യാറല്ല. പകരം അതിരപ്പിള്ളിയും കൂടി വേണമെന്നാണ് അവർ പറയുന്നത്. അതായത് ഇക്കളോജിക്കൽ സോഷ്യലിസ്റ്റ് പ്രാക്ടീസ് ഇല്ല എന്നർത്ഥം. അതുകൊണ്ടാണ് അവർ മുതലാളിത്തത്തിന്റെ മാത്രം പ്രതിബിംബമായി മാറുന്നത്. പ്രകൃതിചൂഷണത്തെ എതിർക്കുന്നവരെ വികസനവിരുദ്ധർ, ഇക്കോ ഫാസിസ്റ്റുകൾ എന്നൊക്കെ അജ്ഞതയുടെയും നിരുത്തരവാദത്തിന്റെയും പിൻബലത്തിൽ മുദ്രകുത്തുകയാണ് ചെയ്യുന്നത്.

**ഇങ്ങനെയൊക്കെയാണെങ്കിലും ആ മോഡ് ഓഫ് പ്രൊഡക്ഷൻ മാറുന്ന സംഭവം സോഷ്യലിസം വന്നു കഴിഞ്ഞിട്ട് എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? കാരണം പൊതുവെ കാപ്പിറ്റലിസത്തിൽ നിന്നും സോഷ്യലിസത്തിലേക്കുള്ള മാറ്റം വെറും ചെയ്ഞ്ച് ഓഫ് ഹാൻഡ്സ് എന്ന രീതിയിൽ മാത്രമേ കണ്ടിട്ടുള്ളൂ?**

ചെയ്ഞ്ചിംഗ് ഓഫ് ഹാൻഡ്സ് എന്നത് നാം പൊതുവേ വിചാരിക്കുന്ന രീതിയിലുള്ള ഒരു പാളിച്ചയല്ലെന്നാണ് ഞാൻ പറയുന്നത്. ചെയ്ഞ്ചിംഗ് ഓഫ് ഹാൻഡ്സ് എന്ന് പറയുമ്പോൾ ഈ പുതിയ ആൾക്കാരിലേക്ക് മൂലധനം പോവുകയും മിച്ചമൂല്യം മുഴുവനും ചെയ്ഞ്ച്ഡ് ഹാൻഡ് കൊണ്ടുപോവുകയുമല്ല ചെയ്യുന്നത്. അവർക്ക് അധികാരം മാത്രമേ കിട്ടുന്നുള്ളൂ. പഴയ ഉൽപ്പാദനബന്ധം നിലനിൽക്കുന്നില്ല. അതൊരു വലിയ വ്യത്യാസമാണ്.

**അപ്പോൾ കാപ്പിറ്റലിസത്തിന്റെ ടെക്നോളജിയും മോഡ് ഓഫ് പ്രൊഡക്ഷനും സോഷ്യലിസത്തിലേക്ക് വരുമ്പോൾ മാറുന്നില്ലല്ലോ?**

ടെക്നോളജി മാറുന്നില്ല എന്നേയുള്ളൂ. അത് ലെനിനൊക്കെകൃത്യമായി പറയുന്നുണ്ടല്ലോ. മറിച്ച് അതിന്റെ ഉടമസ്ഥത പൊതുവുടമസ്ഥതയായി മാറ്റുന്നു. ബാങ്കുകൾ ദേശസാത്കരിക്കുമ്പോൾ ബാങ്കുകൾ ചെയ്ത ജോലി മാറുന്നില്ല. ബാങ്കിൽ നിന്ന് ഒരു തൊഴിലാളിക്ക് കിട്ടിയ ലാഭം സർക്കാരിലേക്ക് പോകുന്നു. സോഷ്യലിസം വരുമ്പോൾ തന്നെ പ്രകൃതി ചൂഷണം കുറയണം. കാരണം ആഢംബര ഉപഭോഗം, ഉൽപ്പാദനത്തിന്റെ വൈവിദ്ധ്യവത്ക്കരണം എന്നിവ ഇല്ലാതാകുന്നു. മുതാലളിത്ത രീതിയിലുള്ള വിപണി മത്സരം സോഷ്യലിസത്തിൽ ഇല്ല. അങ്ങനെ നോക്കുമ്പോൾ സോഷ്യലിസത്തിൽ പ്രകൃതിചൂഷണം സ്വാഭാവികമായി കുറയേണ്ടതാണ്.

**ഇങ്ങനെയുള്ള ഒരു ചരിത്ര ഉദാഹരണം നമുക്കുണ്ടോ?**

ഒരു സ്പെകുലേറ്റീവ് ഉദാഹരണം പറയാം. കേരളത്തിൽ അതിരപ്പിള്ളിയും മറ്റ് പദ്ധതികളും വേണമെന്ന് ഇടതുപക്ഷ സർക്കാർ പറയുന്നു. യഥാർത്ഥ സോഷ്യലിസ്റ്റ് സർക്കാർ ആയിരുന്നെങ്കിൽ അവർ വൈദ്യുതിയുള്ള ആഢം

ബര ഉപഭോഗംകുറയ്ക്കാൻ പറയുമായിരുന്നു. ഓഫീസുകളിലും മറ്റിടങ്ങളിലും വൈദ്യുതി ഉപോയോഗിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുക, ഏ.സി ഉപയോഗിക്കുന്നതിന് ഉയർന്ന താരിഫ് ഏർപ്പെടുത്തുക ഇതൊക്കെയാണ് സോഷ്യലിസ്റ്റ് സർക്കാരിന്റെ നയം ആയിരിക്കേണ്ടത്. അങ്ങനെ അതിരപ്പിള്ളി ഇല്ലാതെ തന്നെ എല്ലാവർക്കും വൈദ്യുതി കിട്ടുന്ന സ്ഥിതി സംജാതമാകും. പക്ഷെ ഒരു ഇടതുപക്ഷ സർക്കാർ വരുമ്പോൾ എന്താണ് ചെയ്യുന്നത്? ഉപഭോഗരീതി മാറ്റാൻ പറയാൻ അവർ തയ്യാറല്ല. പകരം അതിരപ്പിള്ളിയും കൂടി വേണമെന്നാണ് അവർ പറയുന്നത്. അതായത് ഇക്കളോജിക്കൽ സോഷ്യലിസ്റ്റ് പ്രാക്ടീസ് ഇല്ല എന്നർത്ഥം. അതുകൊണ്ടാണ് അവർ മുതലാളിത്തത്തിന്റെ മാത്രം പ്രതിബിംബമായി മാറുന്നത്. പ്രകൃതിചൂഷണത്തെ എതിർക്കുന്നവരെ വികസനവിരുദ്ധർ, ഇക്കോഫാസിസ്റ്റുകൾ എന്നൊക്കെ അജ്ഞതയുടെയും നിരുത്തരവാദത്തിന്റെയും പിൻബലത്തിൽ മുദ്രകുത്തുകയാണ് ചെയ്യുന്നത്. കൂടാതെ മുതലാളിത്ത സമ്പ്രദായത്തിന്റെ ജിഹ്വയായി മാറുകയും ചെയ്യുന്നു. കീഴാറ്റൂർ പ്രശ്നത്തിൽ ഇതുതന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

**മനുഷ്യന്റെ ഉപഭോഗ രീതി/ശീലം കൂടുതൽ ആഴത്തിൽ വിവിധ ശാസ്ത്രശാഖകളുടെ അറിവിന്റെ അടിസ്ഥാനത്തിൽ പഠിക്കേണ്ടതല്ലേ? അതൊരു പൊളിറ്റിക്കൽ ഐഡിയോളജി മാത്രം വച്ച് നിർണ്ണയിക്കുന്ന ഒന്നാണോ?**

ഇത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. ബുദ്രിയാറും (Baudrilliard)മറ്റും ഇത് പഠിച്ചിട്ടുണ്ട്. ഉപയോഗമൂല്യം എന്നതിന് പകരം ഇപ്പോൾ നമുക്കുള്ളത് ഒരുതരം സിമ്പോളിക് മൂല്യമാണ്. നമ്മൾ നല്ല ഷർട്ടിടുന്നത് ഷർട്ടിടുന്നതിന്റെ ഉദ്ദേശത്തിന് വേണ്ടിയല്ല. നമ്മുടെ ആവശ്യങ്ങൾ ഇന്ന് അനന്തമാണ്. അതാണ് തൃഷ്ണ. തൃഷ്ണയോട് ഈ സാമൂഹ്യ സാഹചര്യത്തെ നമുക്ക് സന്ധിചെയ്യാൻ കഴിയുന്നില്ല. കാരണം മുതലാളിത്ത സമ്പ്രദായത്തിൽ എല്ലാം ചരക്കായിട്ടാണ് കണക്കാക്കപ്പെടുന്നത്. അപ്പോൾ നമുക്ക് ആവശ്യമുള്ള സാധനം എവിടെയെന്ന അന്വേഷണം നമ്മുടെ മനസ്സിൽ വരും. മുതലാളിത്തം എപ്പോഴും നമ്മുടെ മനസ്സിൽ ആഗ്രഹങ്ങൾ ജനിപ്പിക്കുകയാണ് ചെയ്യുന്നത്. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ആഗ്രഹങ്ങൾ ആ തലമുറയിൽ തന്നെ മാറുന്നില്ല.

സോഷ്യലിസ്റ്റ് സർക്കാരിനെതിരെയുള്ള അതൃപ്തി പല തരത്തിലുള്ള വിപണി ദൗർലഭ്യങ്ങൾ ആയിരുന്നു. അവസാനം അത് ഭക്ഷ്യസുരക്ഷയെ ബാധിച്ചപ്പോഴാണ് സോഷ്യലിസത്തിനു ഒരു സിസ്റ്റം എന്ന രീതിയിൽ നിൽക്കാൻ കഴിയാതെയായത്. സർക്കാരിന്റെ ഇൻവെസ്റ്റ്മെന്റ് കൂടുതലും ശീതയുദ്ധ സാഹചര്യത്തിൽ ഡിഫൻസിലും മറ്റുമാകുന്നുണ്ട്. അത് പാർട്ടിക്ക് വന്ന പാളിച്ചയാണ്. പക്ഷെ ചൈനയിൽ അങ്ങനെ സംഭവിച്ചില്ല. 1958, 59, 60 കാലഘട്ടത്തിൽ അവിടെ ക്ഷാമമുണ്ടായി. അതിന്റെ കാരണം പാർട്ടി ഏകാധിപത്യമായിരുന്നു. ചില പ്രദേശങ്ങളിൽ ക്ഷാമം തുടങ്ങിയപ്പോഴും ആവശ്യത്തിന് ഉൽപ്പാദനം നടക്കുന്നുണ്ടെന്ന് ഉത്തരവാദിത്തപ്പെട്ട സെക്രട്ടറിമാർ റിപ്പോർട്ട് കൊടുത്തു. അവർക്ക് സ്ഥാനനഷ്ടം വരുന്നത് ഒഴിവാക്കാനായിരുന്നു അത്. ഇങ്ങനെ മൂന്ന്-അഞ്ച് വർഷം യഥാർത്ഥ ഉൽപ്പാദനത്തിന്റെ ചിത്രം സർക്കാരിനെ അറിയിച്ചില്ല. അങ്ങനെ പട്ടിണി കാരണം മരണങ്ങൾ ഉണ്ടായിത്തുടങ്ങി. അതും സർക്കാരിനെ അറിയിച്ചില്ല. അമർത്യസെൻ ഇന്ത്യയിൽ ഇങ്ങനെ ഒരിക്കലും സംഭവിക്കില്ലെന്ന് എടുത്തുപറയുന്നുണ്ട്. ലക്ഷക്കണക്കിന് മനുഷ്യരാണ് രണ്ട് വർഷംകൊണ്ട് ചൈനയിലെ ക്ഷാമത്തിൽ മരിച്ചത്. പക്ഷെ പോഷകാഹാരക്കുറവുകൊണ്ട് അമ്പത് വർഷത്തിനിടയിൽ ലക്ഷങ്ങൾ ഇന്ത്യയിലും മരിച്ചിട്ടുണ്ടാവാം എന്ന് സെൻ പറയുന്നു. പക്ഷെ ചൈനയിലെപ്പോലെ ഒരു ക്ഷാമം ഇന്ത്യയിൽ ഉണ്ടാവാത്തതിനു കാരണം സ്വതന്ത്ര മാദ്ധ്യമങ്ങളുടെ ഇടപെടലാണ്. അവർ വസ്തുതകൾ ചൂണ്ടിക്കാട്ടുമ്പോൾ സർക്കാരിന് ഇടപെടാതിരിക്കാൽ പറ്റാതെവരും.

**മണ്ണ് ശാസ്ത്രത്തിന്റെ പിതാവ് വസീലിയോ ദെക്കുചായവ് റഷ്യക്കാരനാണ്. ബയോസ്ഫിയർ എന്ന് കൺസെപ്റ്റ് കണ്ടെത്തുന്നതും റഷ്യൻ ശാസ്ത്രജ്ഞനാണ്. റഷ്യൻ ജനതയ്ക്ക് മറ്റ് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു കാഴ്ച്ചപ്പാട് മണ്ണിനോടും പ്രകൃതിയോടും ഉണ്ടായിരുന്നില്ലേ?**

സ്റ്റാലിനെപ്പോലുള്ള ഏകാധിപതികൾ വന്നില്ലായിരുന്നെങ്കിൽ ഇന്ന് കാണുന്ന രീതിയിൽ സോഷ്യലിസം അവിടെ അധഃപതിച്ച് പോകില്ലായിരുന്നു എന്ന് വേണമെങ്കിൽ പറയാം. പക്ഷെ ആരായിരുന്നാലും നാം കണ്ട അടിസ്ഥാനപരമായി ജീർണിച്ച ഒരു rent-seeking സമൂഹം എന്നത് മാറുമായിരുന്നോ എന്നതാണ് ആലോചിക്കേണ്ടത്. യഥാർത്ഥത്തിൽ റഷ്യർ കമ്മ്യൂണിസത്തിനകത്ത് പലതരത്തിലുള്ള നിലപാടുകളുണ്ടായിരുന്നു. ധൈഷണിക രംഗത്ത് ധാരാളം വ്യക്തികൾ ഇടപെട്ടിരുന്ന രാജ്യമാണ് റഷ്യ. ആ ധൈഷണിക ധാരകളെ മുഴുവൻ ഇല്ലാതാക്കിയാണ് സോഷ്യലിസ്റ്റ് സംരംഭം മുന്നോട്ടു കൊണ്ടുപോയത്. ലെനിന് 'റഷ്യയിലെ മുതലാളിത്ത വികസനം' എന്ന ഒരു പുസ്തകത്തിൽ (Development of Capitalism in Russia) കർഷകർ കർഷകത്തൊഴിലാളികളായി മാറിക്കൊണ്ടിരിക്കുകയാണെന്നും ഗ്രാമീണ മേഖലയിൽ ദ്രുതഗതിയിൽ തൊഴിലാളിവത്ക്കരണം നടക്കുന്നുണ്ടെന്നും പറയുന്നുണ്ട്. ലെനിന്റെ ഏറ്റവും നല്ല രചനകളുടെ കൂട്ടത്തിൽ ഞാൻ പെടുത്തുന്നതാണ് Development of Capitalism in Russia. പക്ഷെ ചയനോവ് (Alexander Chayanov, Peasant Farm Organisation,1925) പറഞ്ഞത് ഇങ്ങനെ മാത്രമല്ല കാർഷിക മേഖലയിൽ സംഭവിക്കുന്നത് എന്നാണ്. Centrifugal and centripetal, രണ്ടും സംഭവിക്കുന്നുണ്ട്. Subsistence farming കർഷകർ സ്വന്തമായി ജോലി ചെയ്ത് കർഷകന് വേണ്ടി മാത്രം ഉൽപ്പാദിപ്പിക്കുന്ന (Subsistence) സമ്പ്രദായം. അതിനെ നിയന്ത്രിക്കുന്നത് drudgery of labour മാത്രമാണ് എന്നാണ് അതിന്റെ സൈദ്ധാന്തികൻ ആയിരുന്ന ചയനോവ് പറഞ്ഞത്. സ്റ്റാലിൻ പറഞ്ഞത്, സ്വകാര്യസ്വത്ത് വേണ്ട, കളക്റ്റിവൈസേഷൻ മതി എന്നാണ്. അങ്ങനെ സ്വന്തമായി ഉൽപ്പാദിപ്പിച്ചിരുന്നവർ അതിന്റെ ഭാഗമായി. കൂടാതെ ചയനോവിനെ ഇല്ലാതാക്കുകയും ചെയ്തു. അദ്ദേഹത്തെ കൃത്രിമമായ ആരോപണങ്ങൾ ഉന്നയിച്ചു 1930-ൽ അറസ്റ്റ് ചെയ്തു. സ്വകാര്യ വിചാരണ നടത്തി 1932-ൽ അഞ്ചു വർഷത്തേക്ക് ലേബർ ക്യാമ്പിൽ അടച്ചു. 1937-ൽ വീണ്ടും അറസ്റ്റ് ചെയ്തു. ഒരു വിചാരണയും കൂടാതെ അപ്പോൾതന്നെ വെടിവച്ചു കൊന്നു. അത്തരത്തിൽ വ്യത്യസ്തമായ വീക്ഷണങ്ങൾ വച്ചുപുലർത്തിയിരുന്ന നിരവധി പേർ റഷ്യയിൽ പ്രകൃതി/സാമൂഹിക ശാസ്ത്രജ്ഞന്മാരാ

യും സാങ്കേതികവിദഗ്ദരായും ഉണ്ടായിരുന്നു. ആ വ്യത്യസ്തതകളെ സ്വന്തം യഥാസ്ഥിതിക മാർക്സിസത്തിന്റെ മീഡിയോക്കർ സമീപനത്തിന് ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ട് പാർട്ടി ഇല്ലാതാക്കുകയായിരുന്നു. സ്റ്റാലിന്റെ ആശയം കളക്ടിവൈസേഷൻ ആയിരുന്നു. അതിനു സൈദ്ധാന്തികമായി ചയനോവിയൻ സമീപനം സൃഷ്ടിച്ച വെല്ലിവിളിയാണ് സ്റ്റാലിനെ പ്രകോപിപ്പിച്ചത്.ചയനോവ് പൂർണ്ണമായും ശരിയായിരുന്നു എന്നല്ല. ലെനിനായിരുന്നു പല കാര്യങ്ങളിലും കൂടുതൽ ശരി. സ്ലാവോജ് സിസെകിന്റെ (Slavoj Zizek) പുതിയ പുസ്തകം ലെനിനെക്കുറിച്ചാണ്. ഇതേക്കുറിച്ച് ഞാൻ സമകാലിക മലയാളം വാരികയിൽ ഒരു കുറിപ്പ് എഴുതിയിരുന്നു. മാർക്സ് കഴിഞ്ഞാൽ നമുക്ക് ശക്തമായി പിന്തുണയ്ക്കാമായിരുന്ന ഒരാളാണ് ലെനിൻ. പക്ഷെ വിപ്ലവാനന്തര സാമൂഹിക എൻജിനീയറിംഗിൽ വലിയ പരാജയമായിരുന്നു ലെനിൻ എന്നാണു എനിക്ക് തോന്നിയിട്ടുള്ളത്. വിപ്ലവം നടത്താൻ അറിയാം, പക്ഷെ അത് രൂപംകൊടുത്ത സമൂഹത്തെ മാനേജ് ചെയ്യാൻ കുറുക്കുവഴികൾ അന്വേഷിച്ചു. അനാവശ്യമായ ഹിംസകളെ നീതിമത്ക്കരിച്ചു. അതായത്, എന്നെ സംബന്ധിച്ചേടത്തോളം രണ്ടു ലെനിന്മാർ ഉണ്ട്. വിപ്ലവത്തിന് മുമ്പുള്ള ലെനിന്, വിപ്ലവത്തിന് ശേഷമുള്ള ലെനിന്. താൻ ഇതുവരെ പറഞ്ഞതെല്ലാം ശരിയാണെന്ന് ലോകത്തിന് കാണിച്ചുകൊടുക്കാനുള്ള വ്യഗ്രതയിലായിരുന്നു വിപ്ലവത്തിന് ശേഷമുള്ള ലെനിൻ. അതിനുവേണ്ടി സ്റ്റേറ്റ് ടെററിനേയും മാസ് ടെററിനേയും- ഭരണകൂട ഭീകരതയെയും, ആൾക്കൂട്ട ഭീകരതയെയും-വരെ ന്യായീകരിച്ചു. ഏകാധിപതിയെപ്പോലുള്ള നിലപാടുകളിലേക്ക് പോയി. ലെനിന്റെ വിപ്ലവ പൂർവ്വരചനകൾ വളരെ പ്രധാനപ്പെട്ടതാണ്. 'മതവും മാർക്സിസവും' എന്ന പുസ്തകത്തിൽ മതത്തെപ്പറ്റി പറയുന്ന കാര്യങ്ങളല്ല അധികാരം കിട്ടിക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നിലപാട്.

**മെറ്റാനറേറ്റീവിന്റെ കാലം കഴിഞ്ഞു എന്ന് വാദിക്കുന്നവർക്ക് ഒരു മറുപടി കൂടിയാകും അങ്ങനെയൊരു കണ്ടെത്തൽ?**

മെറ്റാനറേറ്റീവിന്റെ കാലം കഴിഞ്ഞു എന്ന് പറയുന്നത് ഈയൊരു അർത്ഥത്തിൽ മാത്രമല്ലല്ലോ. അത് പറയുന്നത് ഏജൻസിയുടെ പ്രശ്നം വച്ചിട്ടുകൂടിയാണ്. അതായത് എങ്ങനെ സോഷ്യലിസം കൊണ്ടുവരാം എന്നതിനെ സംബന്ധിച്ച്. അതിൽ തൊഴിലാളി വർഗ്ഗത്തിന്റെ മാത്രം പ്രാതിനിധ്യം പോരാ, അങ്ങനെയൊരു ഏജൻസി ഇല്ല തുടങ്ങിയവാദങ്ങളാണ്. പോസ്റ്റ് മോഡേണിസത്തിനോട് കുറച്ചെങ്കിലും സംവാദം സാധ്യമാകുന്നത് മാർക്സിസത്തിനാണ്. എല്ലാ മെറ്റാനറേറ്റീവിന്റെയും സൂപ്പർ മെറ്റാനറേറ്റീവായാണല്ലോ മാർക്സിസം ചിലപ്പോൾ മനസ്സിലാക്കപ്പെടുന്നത്. തത്വചിന്ത ഒരുകാലത്ത് ഈ തൊപ്പി അണിഞ്ഞിരുന്നു. മാർക്സിസം അതിൽ നിന്നാണ് ഇത് കടംകൊളളുന്നത്. പക്ഷെ മാർക്സിസം മറ്റേതു ചിന്താവ്യവസ്ഥയെക്കാളും കൂടുതൽ മനുഷ്യവ്യവഹാര മേഖലകളെ സ്പർശിച്ച സമീപനമാണ് എന്നത് തള്ളിക്കളയാൻ കഴിയുന്ന കാര്യമല്ല.

**നേരത്തെ പറഞ്ഞ ഒരു കാര്യത്തിലേക്ക് വീണ്ടും വരികയാണ്. സ്വകാര്യസ്വത്ത് ഇല്ലായ്മ ചെയ്യുമ്പോൾ മനുഷ്യൻ അധ്വാനശേഷി വിനിയോഗിക്കാനുള്ള മോറൽ ഇൻസെന്റീവ് യഥാർത്ഥത്തിൽ ഒരു പ്രശ്നമാണോ? സെൻസ് ഓഫ് ബിലോംഗിംഗ് ശരിയായ അർത്ഥത്തിൽ കോമൺ പ്രോപ്പർട്ടിയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി അത് പരിഹരിക്കാവുന്നതല്ലേ?**

ആലപ്പുഴയിൽ ഡി. പങ്കജാക്ഷക്കുറുപ്പ് എന്ന ഒരു ചിന്തകൻ ഉണ്ടായിരുന്നു. അദ്ദേഹം അയൽക്കൂട്ട പരീക്ഷണം നടത്തിയിരുന്നു. നമുക്ക് വേണ്ടത് അവരും അവർക്ക് വേണ്ടത് നമ്മളും ഉൽപ്പാദിപ്പിക്കുകയും പങ്കുവയ്ക്കുകയും ചെയ്ത ഭരണകൂട ഇടപെടൽ ഇല്ലാതെ തനിയെ ജീവിക്കാവുന്നതേയുള്ളൂ എന്നായിരുന്നു അദ്ദേഹത്തിന്റെ കണ്ടെത്തൽ. 'ദർശനം' എന്ന ഒരു മാസിക അദ്ദേഹം നടത്തിയിരുന്നു. വീടുവീടാന്തരം കയറിയിറങ്ങി ഈ ആശയം പ്രചരിപ്പിച്ചിരുന്നു. പക്ഷെ സ്വകാര്യ സ്വത്ത് അങ്ങനെ വിട്ടുകൊടുക്കാൻ ആരും തയ്യാറല്ല. ഇക്കാര്യത്തിൽ താൻ തോമസ് മൂർ മുതൽ ഉള്ള ചില പഴയചിന്തകരുടെ കൂടെയാണ് എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നോ എന്ന് എനിക്കറിയില്ല. എനിക്ക് വ്യക്തിപരമായി പരിചയവും അടുപ്പവുമുള്ള ആൾ ആയിരുന്നു അദ്ദേഹം. അദ്ദേഹത്തിൽ നിന്ന് ഞാൻ പലതും പഠിച്ചിട്ടുണ്ട്. ഒരു പക്ഷെ പരിസ്ഥിതിയുടെ പ്രാഥമികപാഠങ്ങൾ പോലും. എനിക്ക് അധികമുള്ള സാധനം ഞാൻ അയൽക്കാരന് നൽകി അവർക്ക് അധികമുള്ളത് സ്വീകരിക്കുക. ഒരർത്ഥത്തിൽ മുതലാളിത്തത്തിന്റെ മൂല്യനിയമത്തെയാണ് അദ്ദേഹം ചോദ്യം ചെയ്തത്.

ഉദാഹരണത്തിന് റേഡിയോയ്ക്ക് പകരം ചൂല് കൈമാറ്റം ചെയ്യുമ്പോൾ, രണ്ടിന്റെയും വിനിമയമൂല്യം രണ്ടെന്ന് അദ്ദേഹം അംഗീകരിക്കുന്നില്ല. പരേതനായ ഡോക്യുമെന്ററി സംവിധായകൻ ശരത്ചന്ദ്രൻ അദ്ദേഹത്തെക്കുറിച്ച് ഒരു ഡോക്യുമെന്ററി ചെയ്തിട്ടുണ്ട്. സ്വകാര്യസ്വത്ത് ബലംപ്രയോഗിച്ച് ഇല്ലാതാക്കുക എന്നതായിരുന്നു മാർക്സിന്റെ ആശയം. ഭൗതിക സാഹചര്യം മാറ്റി മനുഷ്യനെ മാറ്റാം എന്നതാണ് അടിസ്ഥാന കാഴ്ചപ്പാട്. പ്രകൃതി ചൂഷണത്തെക്കുറിച്ചുള്ള അവബോധം വളർത്തിക്കൊണ്ട് മാത്രമേ മനുഷ്യനെ മാറ്റാൻ കഴിയുകയുള്ളൂ. അതാണ് പരസ്ഥിതി പ്രസ്ഥാനത്തിന്റെ പ്രസക്തി. അതാണല്ലോ ഫെമിനിസവും ചെയ്തത്. അല്ലാതെ മുതലാളിത്തം ബോധപൂർവ്വം കൊണ്ടുവന്നതല്ലല്ലോ.

**അതായത് ജനാധിപത്യവത്കരണത്തിലൂടെ മാറ്റം കൊണ്ടുവരാൻ കഴിയൂ എന്നല്ലേ?**

ലെനിന് മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള പരിഗണന ഇല്ലാതെ പോയതു കൊണ്ടാണല്ലോ ഭരണകൂട അടിച്ചമർത്തൽ ഉണ്ടായത്. അതിനുള്ള ക്ഷമയുണ്ടായിരുന്നില്ല. കുറേപേർ മരിച്ചാലും സോഷ്യലിസം കൊണ്ടുവരുകയാണല്ലോ എന്ന ചിന്തയായിരുന്നു. വ്യക്തികളോട് ഉത്തരവാദിത്തം ഇല്ലല്ലോ. സർ ചക്രവർത്തി ഒരു തൊഴിലാളിയെ കൊല്ലുന്നത് കുറ്റമായി കണ്ടിരുന്ന ആൾ സോഷ്യലിസത്തിൽ ആയിരങ്ങളെ നീതിരഹിതമായി കൊല്ലുന്നത്, പീഡിപ്പിക്കുന്നത്, കുറ്റമായി കാണുന്നില്ല. സി.പി.എം അധികാരത്തിൽ വരുമ്പോൾ നാം നേരിടുന്ന വലിയ പ്രശ്നം അതാണ്. ഞങ്ങൾ കോൺഗ്രസുകാരെപ്പോലെ വ്യക്തിപരമായ നേട്ടമുണ്ടാക്കാൻ വേണ്ടിയല്ലല്ലോ എന്നാണ് പറയുന്നത്. ഞങ്ങളെ നിയന്ത്രിക്കാനും തിരുത്താനും പാർട്ടിയുണ്ട്. ഒരു പരിധിവരെ ശരിയുമാണ്. പാർട്ടി നിലപാടെടുക്കുമായിരിക്കും. പക്ഷെ പാർട്ടി നേതാക്കന്മാരുടെ പ്രശ്നങ്ങൾ മാർക്സി

സത്തിന്റേതല്ല. ഇക്കോഫാസിസം പോലുള്ള അങ്ങേയറ്റം പ്രശ്നസങ്കുലമായ ശകാരപദം പോലും ഇവിടെ തലങ്ങും വിലങ്ങും അർത്ഥവും ചരിത്രസന്ദർഭവും റദ്ദാക്കിക്കൊണ്ട് സിപിഎമ്മും മറ്റും ഉപയോഗിക്കുന്നുണ്ട്. ഡീപ്പ് ഇക്കൊളജിയും ഇക്കോഫാസിസവും ഒക്കെ പരസ്പരം മാറി ഉപയോഗിക്കാവുന്ന വാക്കുകൾ ആയിരിക്കുന്നു. നിയോലിബറൽ വികസനത്തെ ചെറുക്കുന്ന ഇടതുപക്ഷത്തിനെതിരെ ആഗോളാടിസ്ഥാനത്തിൽ യഥാസ്ഥിതിക വലതുപക്ഷം ഉപയോഗിക്കുന്ന വാക്കായി ഇക്കോഫാസിസം മാറിയിട്ടുണ്ട്. നികുതി കൂട്ടാനും ഊർജ്ജ വില കൂട്ടാനും കൊച്ചുങ്ങളെ പേടിപ്പിക്കാനും ഉള്ള ഇടതുപക്ഷ പദ്ധതി എന്നാണ് വലതുപക്ഷ പ്രത്യയശാസ്ത്ര വിശാരദൻ ജെയിംസ് ദേലിംഗ്പോൾ ഇക്കൊഫാസിസത്തെ നിർവചിക്കുന്നത് (The Little Green Book of Eco-Fascism, James Delingpole,2013). യഥാർത്ഥത്തിൽ അത് അമിതാധികാരവുമായി, സമഗ്രാധിപത്യവുമായി, ബന്ധപ്പെട്ടു മനസ്സിലാക്കേണ്ട സമീപനമാണ്.

**പാശ്ചാത്യ മാർക്സിസം, സോവിയറ്റ് മാർക്സിസം എന്ന വേർതിരിവ് മാർക്സിയൻ സിദ്ധാന്തത്തിലെ പാരിസ്ഥിതിക ഉള്ളടക്കം അവഗണിക്കാൻ കാരണമായിട്ടുണ്ടോ?**

ഇത് കൃത്രിമമായ ഒരു ചേരിതിരിവ് ആയിരുന്നില്ല. റുഡോള്ഫ് ബാരോയുടെ (Rudolf Bahro) The Alternative in Eastern Europe എന്ന പുസ്തകം ഇക്കാര്യം ചർച്ച ചെയ്യുന്നുണ്ട്. നിലനിൽക്കുന്ന സോഷ്യലിസത്തിന്റെ പ്രയോഗത്തെക്കുറിച്ച് അറിയുന്നതിന് ഈ പുസ്തകത്തിനുള്ള പ്രാധാന്യത്തെപ്പറ്റി 1980-ൽ റയമണ്ട് വില്യംസ് New Left Review വിൽ എഴുതുന്നുണ്ട് (Beyond Actually Existing Socialism). പാശ്ചാത്യ മാർക്സിസം മാർക്സിസത്തെ, അതിന്റെ സൈദ്ധാന്തിക സമീപനങ്ങളെ കൂടുതൽ സങ്കീർണ്ണവത്കരിക്കുകയും അതിന്റെ ചരിത്രസാധ്യതകളെക്കുറിച്ചു ആഴത്തിൽ അന്വേഷിക്കുകയും ചെയ്യുമ്പോൾ സോവിയറ്റ് മാർക്സിസം മാർക്സിസത്തെ കൂടുതൽ കാനോനവൽക്കരിക്കുകയും, തങ്ങളുടെ ദൈനംദിന പ്രായോഗിക പ്രശ്നങ്ങളുടെ ഉത്തരങ്ങളിലേക്ക് കയറിയിരിക്കാൻ, സ്വയം ലഘൂകരിക്കാൻ, nuance റദ്ദുചെയ്യാൻ, അതിനെ നിർബന്ധിക്കുകയും ചെയ്തുകൊണ്ടിരുന്നു. ബാരോയുടെ പുസ്തകം ഇറങ്ങിയപ്പോൾ തന്നെ പടിഞ്ഞാറൻ ജർമ്മനിയിൽ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു.

പക്ഷെ ആ പുസ്തകത്തിലെ മൂന്നു പ്രധാന ഊന്നലുകളും-വ്യാവസായികവളർച്ചയുടെ മുതലാളിത്തേതര വഴികളെക്കുറിച്ചുള്ളതും, സോഷ്യലിസ്റ്റ് സമൂഹങ്ങളുടെ ആന്തരിക ഘടനയെക്കുറിച്ചുള്ളതും, കമ്യൂണിസ്റ്റ് ബദലുകളെക്കുറിച്ചുള്ളതും- ആഴത്തിൽ ചർച്ച ചെയ്യപ്പെട്ടു. അദ്ദേഹം കമ്യൂണിസ്റ്റ് വിരുദ്ധനായി മുദ്രകുത്തപ്പെട്ടു എങ്കിലും ആ പുസ്തകത്തിലെ "കമ്യൂണിസം അനിവാര്യത മാത്രമല്ല, സാധ്യവുമാണ്" എന്ന വരി- 'Communism is not only necessary, it is also possible' പാശ്ചാത്യ മാർക്സിസത്തെ സംബന്ധിച്ചെടത്തോളവും സോവിയറ്റ് മാർക്സിസത്തെ സംബന്ധിച്ചിടത്തോളവും പ്രധാനമായി മാറുകയായിരുന്നു. കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളിൽ മാർക്സിസം തകരുന്നത് പല കാരണങ്ങൾ കൊണ്ടാണ്. സോവിയറ്റ് യൂണിയന്റെ കാര്യം അവിടെ നിൽക്കട്ടെ. പോളണ്ട്, ഹംഗറി, ചെക്കോസ്ലോവാക്യ, ബൾഗേറിയ, റൊമേനിയ എന്നിവടങ്ങളിൽ വിപ്ലവങ്ങളിലൂടെയല്ല കമ്യൂണിസ്റ്റ് പാർട്ടികൾ അധികാരത്തിൽ വന്നത്. റഷ്യൻ ചുവപ്പ് സേന രണ്ടാം ലോകയുദ്ധക്കാലത്ത് നേടിയ മേൽക്കൈ കൊണ്ടാണ്. ഹേബെർമാസ് കൃത്യമായി ചൂണ്ടിക്കാട്ടിയിട്ടുള്ള പോലെ, ഈ മാർക്സിസങ്ങൾ ഉള്ളുറപ്പുള്ളവ ആയിരുന്നില്ല. ഈ റിപ്പബ്ലിക്കുകളുടെ പതനം അവയെ പഴയ ദേശീയ പ്രതീകങ്ങളിലെക്കും ലോകയുദ്ധത്തിനു മുമ്പുള്ള രാഷ്ട്രീയ പാരമ്പര്യങ്ങളിലെക്കുമാണ് തിരിച്ചു കൊണ്ടുപോയത് എന്ന് ഹെബർമാസ് പറയുന്നുണ്ട് ('What Does Socialism Mean Today? The Rectifying Revolution and the Need for New Thinking on the Left', New Left review, 1990) . എന്നാൽ അവിടെയെല്ലാം പ്രയോഗത്തിൽ വരുത്തിയിരുന്ന സാമ്പത്തിക സമ്പ്രദായം ഭരണകൂട മുതലാളിത്തത്തിന്റെതായിരുന്നു. യാതൊരുവിധ മാറ്റങ്ങളും ഉൽപ്പാദനരൂപങ്ങളിൽ- ഉൽപ്പാദന രീതി, mode of production, വ്യത്യസ്തമായിരിക്കുമ്പോൾ പോലും- വരുത്തുവാൻ വിപ്ലവ ഭരണകൂടങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ മാർക്സിസത്തിനുള്ളിൽ പാരിസ്ഥിതികമായ പ്രശ്നങ്ങൾ കൂടുതൽ ചർച്ച ചെയ്യപ്പെട്ടത് വിപ്ലവങ്ങളോ സോവിയറ്റ് ചേരിയിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടതോ ആയ രാജ്യങ്ങൾക്ക് പുറത്താണ്. മൂന്നാംലോക രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് പാർട്ടികൾ ഒരു സ്വപ്നലോകത്തായിരുന്നു. ആസന്നമായ, സോവിയറ്റ് മാതൃകയിലുള്ള വിപ്ലവങ്ങളെക്കുറിച്ച് അവ സങ്കൽപങ്ങൾ മെനഞ്ഞുകൊണ്ടിരുന്നു.

എന്നാൽ മുതലാളിത്തം ക്ഷേമരാഷ്ട്ര സങ്കൽപം അംഗീകരിച്ച പാശ്ചാത്യലോകത്ത് കൂടുതൽ അവധാനതയോടെയുള്ള ദാർശനിക-സൈദ്ധാന്തിക അന്വേഷണങ്ങൾ ഉണ്ടായി. പാരിസ്ഥിതിക മാർക്സിസം അതിന്റെ പുതിയ തലങ്ങൾ കണ്ടെത്തിയത് ആ വഴിക്കുള്ള അന്വേഷണങ്ങൾ ശക്തിപ്പെട്ടതുകൊണ്ട് കൂടിയാണ്. മന്ത്‌ലി റിവ്യൂ (Monthly Review) പോലുള്ള അമേരിക്കൻ ഇടതുപക്ഷ പ്രസിദ്ധീകരണം ഇത്തരം അന്വേഷണങ്ങളെ പ്രോത്സാഹിപ്പിച്ചതുകൊണ്ടാണ് മാർക്സിന്റെ മെറ്റബോളിക് വിള്ളലിനെ (metabolic rift) പറ്റിയുള്ള നിരീക്ഷണങ്ങളെ അൽപ്പമെങ്കിലും വികസിപ്പിക്കാൻ ഞാൻ നേരത്തെ സൂചിപ്പിച്ച John Bellamy Foster പോലുള്ള മാർക്സിസസ്റ്റ് ചിന്തകർക്ക് സാധിച്ചത്.

**ഈ പുതിയ ചർച്ചകൾ മാർക്സ് വിശദീകരിക്കാൻ ശ്രമിച്ച the universal metabolism of nature , social metabolism, കൂടാതെ ഇപ്പോൾ സൂചിപ്പിച്ച metabolic rift എന്നീ സങ്കൽപ്പനങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്നുണ്ടോ? എന്താണ് അവയുടെ ഇപ്പോഴത്തെ സാംഗത്യം?**

ബെല്ലാമി ഫോസ്റ്റർ പറയുന്നത് ശക്തമായ ഒരു പാരിസ്ഥിതിക സാമൂഹ്യശാസ്ത്ര സമീപനം വികസിപ്പിക്കുന്നതിനു സഹായകമാണ് മാർക്സിന്റെ മെറ്റബോളിക് റിഫ്റ്റ് തിയറി എന്നാണ്. ഇതൊക്കെ ഇവിടുത്തെ ചർച്ചകളിൽ ഇപ്പോഴും പൂർണ്ണമായും അവഗണിക്കപ്പെട്ടിരിക്കുകയാണ്. ജ്ഞാനാന്വേഷണങ്ങളുടെ സാമ്പ്രദായിക ധാരയിൽ പോലും ഇതൊന്നും കടന്നുവരുന്നില്ല എന്നതാണ് ഖേദകരമായ വസ്തുത. മാർക്സ് തന്റെ കാലത്ത് രൂപംകൊണ്ട ഒരു പ്രധാന പാരിസ്ഥിതിക പ്രശ്നം ആനുഷംഗികമായി ചർച്ച ചെയ്യുന്നുണ്ട്. കാർഷിക മുതലാളിത്തം സൃഷ്ടിക്കുന്ന മണ്ണിന്റെ ഉർവ്വരതാനഷ്ടം. ഫോസ്റ്റർ ഇതിൽ നിന്നാണ് ആരംഭിക്കുന്നത്. കൂടാതെ അദ്ദേഹം മാർക്സ് പരാമർശിച്ചു പോകുന്ന വിഷയങ്ങളായ വനനശീകരണം, നഗ

രങ്ങളുടെ മാലിന്യവത്ക്കരണം മാൽത്തൂസിയൻ ജനസംഖ്യാപ്രശ്നം തുടങ്ങിയവയും ഇതോടൊപ്പം ചേർത്തുവക്കുന്നു. ഈ പരാമർശങ്ങളുടെ പശ്ചാത്തലത്തിലാണ് മാർക്സ് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള മെറ്റബോളിക് ബന്ധത്തെക്കുറിച്ച് പറയുന്നത്. മാർക്സിന്റെ മെറ്റബോളിക് വിള്ളൽ സിദ്ധാന്തത്തിൽ ചരിത്രപരമായ ഒരു പാരിസ്ഥിതിക ഭൗതികവാദത്തിന്റെ വേരുകൾ കണ്ടെത്താനുള്ള ശ്രമം, വിശേഷിച്ചും പ്രകൃതി-സമൂഹ സഹവർത്തിത്വത്തിന്റെ മുദ്രകൾ പതിഞ്ഞ ഒരു സമീപനം കണ്ടെത്താനുള്ള ശ്രമം ഫോസ്റ്റർ നടത്തുന്നുണ്ട്. മുതലാളിത്ത ലോകത്ത് രണ്ടാം കാർഷികവിപ്ലവം അരങ്ങേറുന്ന കാലത്താണ് മാർക്സ് മൂലധനം എഴുതുന്നത്. തറപ്പാട്ടത്തെക്കുറിച്ച് മാർക്സ് പറയുന്നത് റിക്കാർഡോ അടക്കമുള്ള ക്ലാസിക്കൽ രാഷ്ട്രീയ സമ്പദ്ശാസ്ത്രജ്ഞന്മാർ പറഞ്ഞതിന്റെ മാത്രം അടിസ്ഥാനത്തിൽ ഈ പ്രശ്നം ഇനി വിശകലനം ചെയ്യാൻ കഴിയില്ല എന്നാണ്. കാരണം മണ്ണിന്റെ ഉർവ്വരതയുടെ പ്രശ്നം ഇനിമേൽ കാർഷിക രസതന്ത്രം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കൂടി ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അവരുടെ കാലത്ത് ഇതൊരു വലിയ പ്രശ്നമായിരുന്നില്ല എന്ന് മാർക്സ് സൂചിപ്പിക്കുന്നു. ഇതിൽ കൂടുതൽ അക്കാലത്തു സെൻസിറ്റീവ് ആവാൻ കഴിയുമോ എന്ന് ആലോചിക്കാവുന്നതാണ്. സാമ്പത്തിക സിദ്ധാന്തങ്ങളുടെ വിശകലനത്തിലേക്ക് മാർക്സ് പരിമിതമായ രീതിയിൽ ആണെങ്കിൽ പോലും പാരിസ്ഥിതിക സമീപനം കടത്തിക്കൊണ്ടു വരികയാണ് ഇവിടെ ചെയ്യുന്നത്.

മൂലധനത്തിന്റെ ഒന്നും മൂന്നും വോള്യങ്ങളിൽ പലതവണ മാർക്സ് കാർഷിക ശാസ്ത്രജ്ഞൻ ആയിരുന്ന ലീബിഗ്ഗിനെ (1840 ൽ, Liebig "Organic Chemistry in Its Applications to Agriculture and Physiology" എന്ന പുസ്തകം പ്രസിദ്ധീകരിച്ചു) ഉദ്ധരിക്കുന്നുണ്ട്. മാർക്സിന്റെ ഏറ്റവും വലിയ അഭിനന്ദനം ലീബിഗ്ഗിനു കിട്ടുന്നത് ആധുനിക കാർഷിരക സമ്പ്രദായത്തിന്റെ പ്രകൃതിവിരുദ്ധ സമീപനം അദ്ദേഹം തുറന്നുകാട്ടുന്നു എന്ന കാര്യത്തിനാണ് എന്നത് ശ്രദ്ധേയമാണ്. മൂലധനം ഒന്നാം വോള്യത്തിൽ അർത്ഥശങ്കക്ക് ഇടയില്ലാത്ത വിധം മാർക്സ് പറയുന്നു- 'To have developed from the point of view of natural science, the negative, i.e., destructive side of modern agriculture, is one of Liebig's immortal merits. His summary, too, of the history of agriculture, although not free from gross errors, contains flashes of light'. വൻകിട കൃഷിയുടെ കാര്യത്തിൽ അദ്ദേഹം ലീബിഗ്ഗിനെ തന്നെ ഉദ്ധരിച്ചിട്ട് ആണെന്ന് തോന്നുന്നു, പറയുന്നത് അത് മാനിന്റെ ഫലഭൂയിഷ്ഠതയെ നശിപ്പിക്കുന്നു എന്നാണ്. മാർക്സിന്റെ വളരെ ശ്രദ്ധേയമായ ഒരു നിരീക്ഷണം ഇവിടെ പ്രസക്തമാണ്-'progress in capitalistic agriculture is a progress in the art, not only of robbing the labourer, but of robbing the soil; all progress in increasing the fertility of the soil for a given time, is a progress towards ruining the lasting sources of that fertility. The more a country starts itsdevelopment on the foundation of modern industry, like the United States, for example, the more rapid is this process of destruction. Capitalist production, therefore, develops technology, andthe combining together of various processes into a social whole, only by sapping the original sources of all wealth-the soil and the labourer' അതായതു മുതലാളിത്ത ഉൽപ്പാദനം തൊഴിലാളികളെ ചൂഷണം ചെയ്യുന്നത്, മുതലാളിത്തപ്പാതയിൽ ഓരോ രാഷ്ട്രവും മുന്നേറുമ്പോൾ സംഭവിക്കുന്നത്, പ്രകൃതി നശീകരണത്തിന്റെ തോതും വർധിക്കുന്നു എന്നതാണ്. സമ്പത്തിന്റെ ഉറവിടമായ അധ്വാനത്തെയും പ്രകൃതിയെയും ചൂഷണം ചെയ്തുകൊണ്ടാണ് മുതലാളിത്ത സാങ്കേതികവിദ്യ വികസിക്കുന്നതെന്ന് മാർക്സ് ഇവിടെ അടിവരയിട്ടു പറയുന്നതായി കാണാം. എന്നാൽ മാർക്സിലെ ഈ ചിന്താധാര ഒരിക്കലും വികസിപ്പിക്കപ്പെട്ടില്ല. ഇതിനുള്ള പ്രധാനകാരണം ഉൽപ്പാദനശക്തികളുടെ വികാസത്തിനു മാർക്സ് മറ്റു സ്ഥലങ്ങളിൽ കൊടുത്ത ഊന്നലാണ് കൂടുതൽ ശ്രദ്ധിക്കപ്പെട്ടത് എന്നതാണ്. മുതലാളിത്തത്തെക്കാൾ ഭൗതികമായി മെച്ചപ്പെട്ട വ്യവസ്ഥയാണ് സോഷ്യലിസം എന്നതിന് ഊന്നൽ വന്നു. മുതലാളിത്തത്തെക്കാൾ നൈതികമായും മെച്ചപ്പെട്ട സംവിധാനം ആകണം സോഷ്യലിസം എന്നത് ഈ അർത്ഥത്തിൽ മനസ്സിലാക്കപ്പെടാതെ പോവുകയും ചെയ്തു. മാർക്സിസത്തിലെ ഈ ധാരയെ കൂടുതൽ മനസ്സിലാക്കുക, അതിനെ മുന്നോട്ടുകൊണ്ടുവരിക എന്നതിനു തീർച്ചയായും പ്രസക്തിയുണ്ട്. കീഴാറ്റൂർ പോലുള്ള പ്രശ്നങ്ങൾ, അതിരപ്പള്ളി പോലുള്ള പ്രശ്നങ്ങൾ, വിഴിഞ്ഞം പോലുള്ള പ്രശ്നങ്ങൾ- ഇതൊക്കെ ഉണ്ടാവുമ്പോൾ തികച്ചും പരിസ്ഥിതി വിരുദ്ധമായ ഒരു വിചാരധാര മാർക്സിസമായിപ്പോലും അവതരിപ്പിക്കപ്പെടുന്ന കാലത്ത് ഈ അന്വേഷണത്തിന് വലിയ പ്രസക്തിയും സാംഗത്യവും ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ബുഖാറിനെപ്പോലുള്ളവർ മുമ്പുതന്നെ ഇത് തുടങ്ങിവച്ചിട്ടുണ്ട്. "സമൂഹവും പ്രകൃതിയും തമ്മിലുള്ള മെറ്റബോളിസം" എന്ന മാർക്സിയൻ പരികല്പ്പന, പരിസ്ഥിതിയും ഉൽപ്പാദനവ്യവസ്ഥയും തമ്മിലുള്ള അടിസ്ഥാനപരമായ ബന്ധമായും മനുഷ്യജീവിതവും അതിന്റെ ബാഹ്യഉപാധികളുമായുള്ള ബന്ധമായും ബുഖാറിൻ വിശദീകരിച്ചിട്ടുണ്ട്. മാർക്സിന്റെ മനുഷ്യ-പ്രകൃതി മെറ്റബോളിസം ഒരർത്ഥത്തിൽ സാമൂഹിക പുനരുൽപ്പാദനത്തിന്റെ അവിഭാജ്യഘടകമാണെന്ന് അദ്ദേഹം പറയുന്നുണ്ട്. ഇവിടെനിന്നും കൂടുതൽ മുന്നോട്ടുപോവുക എന്നത് പ്രധാനമാണ്.

പാരിസ്ഥിതിക നൈതികത ഇല്ലാത്ത രാഷ്ട്രീയപ്രയോഗം പ്രകൃതിവിരുദ്ധവും അതുകൊണ്ടുതന്നെ മനുഷ്യവിരുദ്ധവുമാണ്. അതിനെതിരെയുള്ള ഒരു പ്രതിരോധം മാർക്സിസത്തിൽ തന്നെയുണ്ട് എന്നത് ഇവിടുത്തെ ചർച്ചകളിൽ മറച്ചുവയ്ക്കപ്പെടുന്നു. അത് പുറത്തുകൊണ്ടുവരിക എന്നത് തീർച്ചയായും കേരളത്തിലെ പരിസ്ഥിതിസമരങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. മാർക്സിസം പല വൈരുധ്യങ്ങളുടെയും ഇടമാണ്. അതിൽ നിന്നുള്ള തെരഞ്ഞെടുപ്പുകൾ നിങ്ങൾ എവിടെ നിൽക്കുന്നു എന്നതിന്റെ അടയാളമാണ്. പ്രകൃതി-മനുഷ്യബന്ധത്തെക്കുറിച്ചുള്ള മാർക്സിന്റെ ഉൾക്കാഴ്ചകൾ കൂടുതൽ ശക്തമായി നമ്മുടെ ചർച്ചകളിലേക്ക് കടന്നുവരണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. നാം നടത്തുന്ന ആശയ സമരങ്ങളിൽ അതിനു വലിയ പ്രാധാന്യമുണ്ട്. അധികാരത്തിന്റെ ബലത്തിൽ ചർച്ചകളെ സങ്കുചിതവത്ക്കരിക്കാനും അടിസ്ഥാനമില്ലാത്ത തെറ്റിദ്ധാരണകൾ പടർത്താനും നാം ആരെയും അനുവദിച്ചുകൂടാ. ■